സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ
ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം

യൂണിറ്റി

ഏപ്രിൽ 2021 ചീഫ് എഡിറ്റർ: വി.വേണുഗോപാൽ വാല്യം 48 ലക്കം 1 പേജ് 8 വില 5.00 രൂപ


# ജനജീവിതത്തിന്റെ ദുരിതങ്ങൾ വിസ്മരിക്കപ്പെട്ട നിയമസഭാ തെരഞ്ഞെടുപ്പ്

**കോ**വിഡ് സൃഷ്ടിച്ച പ്രതിസന്ധികൾ, തൊഴിലില്ലായ്മ, വിലക്കയറ്റം, പെട്രോൾ-ഡീസൽ- പാചകവാതക വിലവർദ്ധനവ്, തുടങ്ങി ജനങ്ങളെ സംബന്ധിച്ച് ജീവിതം അങ്ങേയറ്റം അനിശ്ചിതത്വത്തിലായിരുന്ന സമയത്താണ് തെരഞ്ഞെടുപ്പ് നടന്നത്. നോട്ടുനിരോധനവും ജിഎസ്ടിയും കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ ജനദ്രോഹ നയങ്ങളും ചാർജ്ജുവർദ്ധനവുകളും ഏൽപ്പിച്ച പ്രഹരങ്ങൾക്കും പുറമേയാണിത്. എന്നാൽ ജനങ്ങളുടെ ജീവിതക്ലേശങ്ങളോ പ്രാരാബ്ധങ്ങളോ ഒന്നും പാർട്ടികൾക്കും മുന്നണികൾക്കും പ്രശ്നമായിരുന്നില്ല എന്നുമാത്രമല്ല, ഇവ്വിധ പ്രശ്നങ്ങളിലേയ്ക്ക് ചർച്ച പോകാതിരിക്കാൻ എല്ലാ നേതാക്കളും ജാഗ്രത പുലർത്തുകയും ചെയ്തു. 'വിശ്വാസ'ത്തിനും 'വികസന'ത്തിനുമപ്പുറത്തേയ്ക്ക് ചർച്ച പോകുന്നില്ല എന്നതും ഉറപ്പുവരുത്തി. എസ്‌യുസിഐ(സി) മത്സരിച്ച 36 മണ്ഡലങ്ങളിലും ജനജീവിതത്തിന്റെ നീറുന്ന പ്രശ്നങ്ങൾ മുഖ്യചർച്ചാവിഷയമാക്കി. ജനങ്ങളുടെ അകമഴിഞ്ഞ പിന്തുണയാണ് പാർട്ടിയുടെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്ത് ഉടനീളം ലഭിച്ചത്.

**സ്ഥാ**നാർത്ഥി നിർണയം ഒരു കടമ്പ തന്നെയായിരുന്നു പാർട്ടികൾക്കെല്ലാം. നാടിനെ സേവിക്കാൻ അത്യുത്സാഹികളായിനിന്ന മുഴുവൻ ആളുകളെയും ഉൾക്കൊള്ളാനാകുമായിരുന്നില്ല. സമുദായ നേതാക്കന്മാർക്ക് ഹിതകരമാകുന്ന സ്ഥാനാർത്ഥി നിർണയം വേണം, ജാതി മത സമുദായ സംതുലനം പാലിക്കണം. വനിതാ പ്രാധിനിത്യം നിർബന്ധമല്ലെങ്കിലും പേരിനെങ്കിലും ചിലരെ ഉൾപ്പെടുത്തേണ്ടിവരുമ്പോഴുള്ള സമ്മർദ്ദം. അങ്ങിനെ പല ഘടകങ്ങൾ ഒപ്പിച്ചു വന്നപ്പോഴേയ്ക്കും പല പാർട്ടികളിൽനിന്നും മുന്നണികളിൽ നിന്നും പലരും ചാടിപ്പോയി. ഭാഗ്യവാന്മാർ മറ്റുമുന്നണികളിൽ കയറിപ്പറ്റി. വാഗ്ദാനങ്ങളിൽ ചിലരുടെ മുറുമുറുപ്പ് അലിഞ്ഞു. എന്നിട്ടും ഇടഞ്ഞുതന്നെ നിന്നവരെ ചതുരുപായങ്ങളും പ്രയോഗിച്ച് ഒതുക്കി. അങ്ങനെയും പറ്റാഞ്ഞവർ കളിക്കും കളത്തിനുതന്നെയും പുറത്തായിപ്പോയി. അങ്ങനെയാണ് കാര്യങ്ങൾ 'ഒറ്റക്കെട്ട്' ആയത്.

### പ്രകടനപത്രികകളും വാഗ്ദാനങ്ങളും

ഉത്സവത്തിന് കൊടിയേറ്റുന്നപോലെ തെരഞ്ഞെടുപ്പിന് ഒഴിവാക്കാനാകാത്ത നടപടിയാണ് പ്രകടനപത്രിക. ആരെയും മയക്കാൻപോന്ന തലവാചകവുംവേണം. പ്രകാശനം അതിഗംഭീരമായിരിക്കണം. പാർട്ടികളുടെ ദേശീയ നേതാക്കന്മാരുടെ നീണ്ടനിര, ഫോട്ടോഷൂട്ട് ഒന്നും മുറതെറ്റാൻ പാടില്ല. പ്രകടനപത്രിക തയ്യാറാക്കുന്നതടക്കം എല്ലാം ഇവന്റ് മാനേജ്മെന്റ് കമ്പനികൾ നോക്കിക്കൊള്ളും. നേതാക്കന്മാരുടെ വേഷവിധാനങ്ങൾ, ശരീരഭാഷ തുടങ്ങി പ്രകടനത്തിന് ആളെത്തിക്കുന്നതും എത്തുന്നവരുടെ പ്രകടനവുമുൾപ്പെടെ അവർ കൈകാര്യം ചെയ്തുകൊള്ളും. കാശുകൊടുക്കുകയേവേണ്ടൂ. അല്ലാതെ പ്രകടനപത്രികയിൽ വലിയ കാര്യമൊന്നുമില്ലെന്നും ആരും വിശ്വസിക്കില്ലെന്നും വിശ്വസിക്കരുതെന്നും നേതാക്കന്മാർ പലവുരു പറഞ്ഞിട്ടുണ്ട്.

(ശേഷം 2–ാം പേജിൽ)




എൽഡിഎഫ് സർക്കാരിന് താക്കീതായി മാറിയ ഉദ്യോഗാർത്ഥികളുടെ ലോംഗ് മാർച്ച് സെക്രട്ടേറിയറ്റിന് മുന്നിൽ എത്തിച്ചേർന്നപ്പോൾ

## എൽഡിഎഫ് സർക്കാരിന്റെ വഞ്ചനക്കെതിരായ താക്കീതായി ഉദ്യോഗാർത്ഥികളുടെ ലോംഗ് മാർച്ച്

**എൽ**ഡിഎഫ് സർക്കാരിന്റെ യുവജന വഞ്ചനയിൽ പ്രതിഷേധിച്ചുകൊണ്ട്, പിഎസ്‌സി ഉദ്യോഗാർത്ഥികൾ സംയുക്തമായി മാർച്ച് 31, ഏപ്രിൽ 1 തീയതികളിൽ സംഘടിപ്പിച്ച കാൽനടയായുള്ള ലോംഗ് മാർച്ച്, സംസ്ഥാന സർക്കാരിനെതിരെയുള്ള യുവാക്കളുടെ ശക്തമായ താക്കീതായി മാറി. സിവിൽ എക്സൈസ് ലിസ്റ്റിൽ 77-ാം റാങ്കുണ്ടായിട്ടും നിയമനം ലഭിക്കാതെ വന്നപ്പോൾ ആത്മഹത്യ ചെയ്യേണ്ടിവന്ന അനുവിന്റെ കാരക്കോണത്തെ വീട്ടിൽ നിന്നും അമ്മ ദേവകി മാർച്ച് ഫ്ലാഗ് ഓഫ് ചെയ്തു. ഉദ്യോഗാർത്ഥികളുടെ കൈകളിലേക്ക് അനുവിന്റെ അമ്മ ഫ്ലാഗ് കൈമാറുമ്പോൾ, സനുവിന്റെ ഇടിനാദം പോലുള്ള മുദ്രാവാക്യം വിളി മുഴങ്ങി.

(ശേഷം 4–ാം പേജിൽ)


പേജ് 3
ജനസമര രാഷ്ട്രീയം കരുത്താർജ്ജിക്കുന്നു

പേജ് 5
ഫ്രീഡം ഹൗസ്, വി–ഡെം ഇൻസ്റ്റിറ്റ്യൂട്ട് റിപ്പോർട്ടുകൾ

പേജ് 6
ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിലെ സ്ഥിതി


## ഏപ്രിൽ 24 എസ്‌യുസിഐ(സി) സ്ഥാപന ദിനം



സഖാവ് ശിബ്ദാസ് ഘോഷ്

**ഇ**ന്ത്യൻ തൊഴിലാളി വർഗ്ഗത്തിന്റെ വിമോചന പ്രസ്ഥാനമായ സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ(കമ്മ്യൂണിസ്റ്റ്) ഈ യുഗം ദർശിച്ച സമുന്നത മാർക്സിസ്റ്റ് ദാർശനികരിൽ ഒരാളായ സഖാവ് ശിബ്ദാസ് ഘോഷിന്റെ നേതൃത്വത്തിൽ രൂപംകൊണ്ടിട്ട് 2021 ഏപ്രിൽ 24ന് 73 വർഷം പൂർത്തിയാകുകയാണ്. ഇന്ത്യൻ മുതലാളിത്ത വ്യവസ്ഥ മരണാസന്നമായ ഘട്ടത്തിലെത്തിയതുമൂലം ജനങ്ങൾക്കുമേലുള്ള ചൂഷണവും അടിച്ചമർത്തലും അതീവ ഗുരുതരമായിരിക്കുകയാണ്. ജീവിതപ്രശ്നങ്ങൾ രൂക്ഷമാക്കുന്ന സാമ്പത്തിക നയങ്ങളും അടിസ്ഥാന അവകാശങ്ങൾപോലും നിഷേധിക്കുന്ന രാഷ്ട്രീയ നിലപാടുകളും അവശേഷിക്കുന്ന നന്മകളെപ്പോലും കെടുത്തുന്ന സാംസ്കാരിക സമീപനങ്ങളും ഒരു ഫാസിസ്റ്റ് വാഴ്ചയിലേയ്ക്ക് രാജ്യത്തെ കൊണ്ടെത്തിക്കുകയാണ്. സമൂഹത്തിൽ അടിസ്ഥാനപരമായ പരിവർത്തനം സാദ്ധ്യമാക്കിയെടുത്തുകൊണ്ടേ രാജ്യത്തെ ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാക്കാൻ കഴിയൂ. ജനങ്ങളുടെ രാഷ്ട്രീയ-ധാർമ്മിക നിലവാരമുയർത്തിയും അവരുടെ സമരങ്ങളും പ്രക്ഷോഭങ്ങളും വളർത്തിയെടുത്തും ഈ മഹത്തായ ചരിത്രദൗത്യം പൂർത്തീകരിക്കാനുള്ള നിരന്തര പരിശ്രമത്തിൽ മുഴുകിയിരിക്കുകയാണ് നമ്മുടെ പാർട്ടി. മഹാനായ തൊഴിലാളിവർഗ്ഗ ആചാര്യൻ സഖാവ് ശിബ്ദാസ് ഘോഷിന്റെ അമൂല്യമായ പാഠങ്ങൾ നമ്മുടെ പ്രയാണപഥത്തിൽ എപ്പോഴും വെളിച്ചംവിതറുന്നു. പാർട്ടി രൂപംകൊണ്ടിട്ട് 73 വർഷങ്ങൾ പിന്നിടുന്ന ഈ വേളയിൽ അദ്ദേഹം നൽകിയ മാർഗ്ഗനിർദ്ദേശങ്ങളും ആശയങ്ങളും ഉൾക്കൊള്ളാനും സ്വാംശീകരിക്കാനുമുള്ള സമരം ശക്തിപ്പെടുത്താൻ പാർട്ടി ആഹ്വാനം ചെയ്യുന്നു.

രാജ്യം, രാജ്യതാല്പര്യം എന്നൊക്കെ പൊതുവെ പറയുന്നവർ നമ്മുടെ സമൂഹം വർഗ്ഗവിഭജിതമാണെന്ന യാഥാർത്ഥ്യം മറച്ചുവയ്ക്കുകയാണെന്ന് സഖാവ് ഘോഷ് നിരീക്ഷിച്ചു. എല്ലാ സമ്പത്തും കൈയടക്കിവച്ചിരിക്കുന്ന, ഉല്പാദനത്തെയാകെ നിയന്ത്രിക്കുന്ന, അധികാരം കൈയാളുന്ന മുതലാളി വർഗ്ഗവും അതിന് വിധേയമായിരിക്കുന്ന, എല്ലാ സമ്പത്തും സൃഷ്ടിക്കുന്ന, എന്നാൽ എല്ലാ നേട്ടങ്ങളും നിഷേധിക്കപ്പെടുന്ന തൊഴിലാളിവർഗ്ഗവും എന്ന നിലയിലാണ് സമൂഹം വിഭജിതമായിരിക്കുന്നത്. ഈ രണ്ട് വിഭാഗങ്ങളുടെയും താല്പര്യം പരസ്പര വിരുദ്ധമാണെന്നിരിക്കെ, രാജ്യതാല്പര്യം എന്ന് പറയുമ്പോൾ, ഇതിൽ ഏത് വിഭാഗത്തിന്റെ താല്പര്യമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കേണ്ടതുണ്ട്. ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടെ താല്പര്യത്തെയാണ് അധികാരിവർഗ്ഗം ഉയർത്തിപ്പിടിക്കുന്നതെങ്കിൽ കരിനിയമങ്ങളിലൂടെ അവരുടെ അവകാശങ്ങളെല്ലാം കവർന്നെടുക്കേണ്ടതില്ല, ഗവൺമെന്റിന്റെ ചെയ്തികളെ വിമർശിക്കുന്നവരെ രാജ്യദ്രോഹികളെന്ന് മുദ്രകുത്തേണ്ടതില്ല, ദാരിദ്ര്യവും തൊഴിലില്ലായ്മയും പെരുക്കുന്ന സർക്കാർ നയങ്ങൾക്കെതിരെ പ്രതിഷേധിക്കുന്നവരെ അടിച്ചമർത്തേണ്ടതില്ല, അറിവും സംസ്കാരവും നിഷേധിച്ച് ജനങ്ങളെ അന്ധകാരത്തിൽ തളച്ചിടേണ്ടതുമില്ല. ഭരണവർഗ്ഗം പ്രതിനിധാനം ചെയ്യുന്നത് ഒരുപിടിവരുന്ന അതിസമ്പന്നരെയാണ് എന്ന് വ്യക്തം. അധികാരികൾ അവരുടെ ദാസ്യവേല ചെയ്യുന്നതുകൊണ്ടാണ് അവരുടെ സമ്പത്ത് കുമിഞ്ഞുകൂടുന്നത്.

നമ്മുടെ രാജ്യത്ത് ബിജെപി, കോൺഗ്രസ് പോലുള്ള മുതലാളിവർഗ്ഗ പാർട്ടികൾ മാത്രമല്ല, ഇടതെന്ന് അവകാശപ്പെടുന്ന സിപിഐ(എം), സിപിഐ പാർട്ടികളും വർഗ്ഗവിവക്ഷ കൂടാതെ രാജ്യതാല്പര്യമെന്ന് ഉരുവിട്ടുകൊണ്ട് ജനങ്ങളെ വഞ്ചിക്കുന്നു എന്നത് ഏറെ ഖേദകരമാണ്. ജനങ്ങളെ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്താൽ പ്രചോദിപ്പിച്ച്, ഒരു അജയ്യ സമരശക്തിയാക്കി മാറ്റിയെടുക്കേണ്ടത് ഇന്ന് അടിയന്തര പ്രാധാന്യമർഹിക്കുന്നു. നാടിനുവേണ്ടി മുൻകാലങ്ങളിൽ നടന്ന ധീരോദാത്തമായ പോരാട്ടങ്ങൾ ഈ കർത്തവ്യ നിർവ്വഹണത്തിൽ നമുക്ക് കരുത്ത് പകരുമെന്നും സഖാവ് ശിബ്ദാസ് ഘോഷ് ഓർമ്മിപ്പിക്കുന്നു. ■

# ജനങ്ങളും ജനാഭിലാഷങ്ങളും നാടുകടത്തപ്പെട്ട തെരഞ്ഞെടുപ്പ്

(1–ാം പേജിൽ നിന്ന്)

കവല പ്രസംഗങ്ങളിൽ ആരും തന്നെ വലിയ താല്പര്യം കാട്ടിയില്ല. പ്രധാനികളെല്ലാം സ്ഥിരം ചാനലിൽ ഉണ്ട്. അതാകുമ്പോൾ ജനത്തെ അഭിമുഖീകരിക്കേണ്ടതില്ലല്ലോ. സ്ഥാനാർത്ഥികൾക്കു മുഖ്യം സ്വീകരണയോഗങ്ങളാണ്. അവിടെയും ഏറെയൊന്നും പറയാൻനിൽക്കേണ്ടതില്ല.കൈവീശി കാണിക്കുകയേവേണ്ടൂ. മണ്ഡലം മുഴുവൻ ഓടിത്തീർക്കേണ്ടതാണ്. സമയക്കുറവുണ്ട്. പന്നെയുള്ളത് അഖിലേന്ത്യാനേതാക്കന്മാർ പങ്കെടുക്കുന്ന 'റോഡ്ഷോ'കളാണ്. അതു വെറും ഷോയാണ്. അതിനപ്പുറം ഒന്നുമില്ല. കുറച്ചെങ്കിലും ആളെത്തിക്കണം എന്നതിന് മാത്രമേ പ്രാധാന്യമുള്ളൂ. നേതാക്കളും പരസ്പരമുള്ള ചെളിവാരിയെറിയലുകൾക്കപ്പുറത്തേയ്ക്ക് ഗൗരവമുള്ള വിഷയങ്ങളിലേയ്ക്ക് ചർച്ച കടക്കാതിരിക്കുന്നതിൽ വളരെ ശ്രദ്ധാലുക്കളായിരുന്നു. എല്ലാവരും ഉത്സാഹത്തോടെ മറ്റ് രണ്ടുമുന്നണികൾ തമ്മിലുള്ള രഹസ്യ ബാന്ധവത്തെക്കുറിച്ചും വോട്ടുമറിക്കൽ ഏർപ്പാടുകളെക്കുറിച്ചും പറഞ്ഞു. കോ–മാ, മാ -ബി, കോ–ബി, കോലീബി ഇതെല്ലാം അങ്ങാടിപ്പാട്ടായ രഹസ്യബാന്ധവങ്ങളുടെ കോഡ് വാക്കുകകളാണ്. ജനങ്ങളുടെ മുമ്പിൽ പരസ്യപ്പെടുത്താനാവാത്ത നാറിയ കൂട്ടുകെട്ടുകളുടെ കഥകളുടെ പ്രവാഹത്തിലും പണക്കൊഴുപ്പിലും ശബ്ദഘോഷത്തിലും ജനങ്ങളുടെ പ്രശ്നങ്ങളെല്ലാം മുങ്ങിപ്പോയി.

എന്തുകൊണ്ട് മൂന്നുമുന്നണികൾ മാത്രം എന്നുചോദിച്ചാൽ, അത് മാധ്യമങ്ങളുടെ വക ആദ്യം നടക്കുന്ന തെരഞ്ഞെടുപ്പാണ്. 'ജനാധിപത്യ'ത്തിലെ പുതിയ ഏർപ്പാട്. എത്ര സ്ഥാനാർത്ഥികളും പാർട്ടികളും മത്സരരംഗത്തുണ്ടെങ്കിലും എല്ലാവരും കെട്ടിവയ്ക്കുന്നത് ഒരേ തുകയാണെങ്കിലും മാധ്യമങ്ങൾ ആദ്യംതന്നെ ഒരു ചുരുക്കപ്പട്ടിക തയ്യാറാക്കും. അതിൽ മൂന്ന് മുന്നണികൾ മാത്രമേ കാണൂ. അതിൽ നിന്നുവേണം ജനങ്ങൾ തെരഞ്ഞെടുപ്പ് നടത്താൻ എന്നാണ് വ്യംഗം.

## പണം കുത്തിയൊഴുക്കി ബിജെപി

കേന്ദ്രം ഭരിക്കുന്ന പാർട്ടിയുടെ അഹന്തയും പണക്കൊഴുപ്പും വാക്കിലും നോക്കിലും നേതാക്കളുടെ ശരീരഭാഷയിലും ഉടനീളം പ്രകടമായിരുന്നു. മുപ്പത് ലക്ഷംപോയിട്ട് മുപ്പത് കോടിയിലൊതുങ്ങുമോ പ്രചാരണം എന്നുതോന്നുമാറായിരുന്നു ബിജെപി പണമിറക്കിയത്. എന്തായാലും ബിജെപി ആർഎസ്എസ് വിശ്വാസികളായ സാധാരണജനങ്ങൾ നൽകുന്ന പണം കൊണ്ട് ഇത്രത്തോളം ആർഭാടം നടക്കില്ല. കോർപ്പറേറ്റുകൾ വഴി വരുന്ന കോടികൾക്ക് കടപ്പാട് കോർപ്പറേറ്റുകളോടാണ് എന്നതിന് കേന്ദ്രഭരണമല്ലാതെ മറ്റെന്തു തെളിവുവേണം. കേന്ദ്രനേതാക്കൾ പഞ്ചായത്തുകളും വാർഡുകളും കയറിയിറങ്ങി കറങ്ങി നടന്നു. ഹെലികോപ്റ്ററുകളും ചാർട്ടർ ചെയ്ത വിമാനങ്ങളും ആകാശത്ത് വട്ടം ചുറ്റി. കേരളത്തെ യുപിയും ഗുജറാത്തുമാക്കാമെന്ന് നേതാക്കന്മാർ വാഗ്ദാനംചെയ്തു. വികസനത്തെക്കുറിച്ച് കേരളത്തിൽവന്ന് സംസാരിക്കുവാൻ യോഗി ആദിത്യനാഥുപോലും ധൈര്യപ്പെട്ടു. വിദ്യാലയങ്ങളും ആശുപത്രികളും ഡോക്ടർമാരും അധ്യാപകരും കുടിവെള്ളവും തൊഴിലുമുൾപ്പെടെ അടിസ്ഥാനജീവിത ആവശ്യങ്ങളെക്കുറിച്ച് കേട്ടുകേൾവിപോലുമില്ലാത്ത, രാമനും സീതയ്ക്കുമപ്പുറം കടന്നുപോയ കാലത്തെക്കുറിച്ച് കേട്ടറിവുപോലുമില്ലാത്ത ജനങ്ങളുടെ ചെലവിൽ അദാനി–അംബാനിമാരെ അരിയിട്ടുവാഴിക്കുന്ന നാട്ടിൽനിന്ന് വരുന്നവരാണ് വികസനത്തെക്കുറിച്ച് വാതോരാതെ വിളമ്പുന്നതെന്ന സത്യം അണികളെ അസ്വസ്ഥപ്പെടുത്താതിരിക്കാൻ ശരണംവിളി ഉച്ചസ്ഥായിയിലാക്കി. കേരളത്തിൽ വലിയ മാർക്കറ്റില്ലാത്തതുകൊണ്ടാകാം നേതാക്കൾ ജയ്ശ്രീറാം മാറ്റിപ്പിടിച്ച് സ്വാമിയേ ശരണമയ്യപ്പാ എന്നാക്കി. ചർച്ചകളും പ്രസംഗങ്ങളും ശബരിമലയുടെ പരിസരം വിട്ടുപോകുന്നില്ല എന്ന് ഉറപ്പാക്കി. ജാതിയും മതവും നെറികേടും വിവരക്കേടും യഥേഷ്ടം വിളമ്പി. ഉദരംഭരികളായ സംസ്ഥാനനേതാക്കൾ തൃപ്തിയോടെ ഏമ്പക്കം വിട്ടു. പെട്രോൾ, ഡീസൽ, പാചകവാതക വിലവർദ്ധനവിനും വിലക്കയറ്റത്തിനും കാർഷികനിയമങ്ങൾക്കും മറുപടി പറയേണ്ടതുണ്ട് എന്ന് നേതാക്കൾ ഭാവിച്ചില്ല. ആരും ചോദിക്കാനുമുണ്ടായില്ല. നമ്മുടെ വിമാനത്താവളങ്ങളും റയിൽവേ സ്റ്റേഷനുകളും ബിപിസിഎൽ ഉൾപ്പെടെയുള്ള വ്യവസായശാലകളും എവിടെ എന്നതിനും ചോദ്യോത്തരങ്ങൾ വേണ്ടിവന്നില്ല. മിനിമംബാലൻസില്ലാത്ത അക്കൗണ്ടിലെ തുകയെങ്കിലും അവിടെക്കിടന്നോട്ടെ എന്ന് പറയാനും ആരുമുണ്ടായില്ല. പണത്തിന്റെ പുളപ്പിൽ അഭ്യുദയകാംക്ഷികൾ തള്ളിക്കയറി. അങ്ങനെ ബിജെപിയുടെ വർഗ്ഗസ്വഭാവം നിസ്തർക്കം പ്രകടമായ, ജീർണതയുടെ ആഴം വ്യക്തമാക്കപ്പെട്ട ഒരു കാലയളവായിരുന്നു തെരഞ്ഞെടുപ്പ് വേള.

## ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ അന്തസ്സത്ത വെടിഞ്ഞ ഇടതുപക്ഷം

പണക്കൊഴുപ്പുകൊണ്ട് ഓട്ടയടയ്ക്കാനാണ് ഇടതുമുന്നണിയും ശ്രദ്ധവച്ചത്. ഭരണത്തുടർച്ചയ്ക്കുവേണ്ടിയുള്ള കരുക്കൾ നീക്കുകയും കുതന്ത്രങ്ങൾ മെനയുകയും ചെയ്യുക എന്നതിനപ്പുറം മറ്റൊന്നുമായിരുന്നില്ല ഇടതുമുന്നണിയെ സംബന്ധിച്ച് തെരഞ്ഞെടുപ്പുപ്രവർത്തനം. ആരുമായും എത്ര അവസരവാദപരമായ നീക്കുപോക്കുന്നുണ്ടാക്കുന്നതിലും സിപിഐ(എം)ന് ബുദ്ധിമുട്ടുണ്ടായില്ല. കെ.എം. മാണിയെക്കുറിച്ച് പറഞ്ഞതുമുഴുവൻ വിഴുങ്ങി ജോസ് കെ.മാണിയെയും കൂട്ടരെയും സ്വന്തം പാളയത്തിലാക്കി, ചുവപ്പു പുതപ്പിച്ചു. ജോസ് കെ.മാണി വിഭാഗം ഐക്യജനാധിപത്യ മുന്നണി വിട്ടത് നയപരമായ കാരണങ്ങളാലല്ല, ഇടതുമുന്നണിയുടെ നയങ്ങളിൽ ഭ്രമിച്ചു വശായുമല്ല ഇടത്തേയ്ക്ക് ചുവടുമാറിയത്. പല ജില്ലകളിലും സീറ്റുവിഭജനത്തിൽ സിപിഐയെക്കാൾ പരിഗണന കിട്ടിയത് ജോസ് കെ.മാണിക്കാണ്. അതിന്റെ പിന്നിൽ സിപിഐ(എം)കളുടെ കളി വ്യക്തമായിരുന്നു.

അവസരവാദത്തിന്റെ ഏറ്റവും നെറികെട്ടമുഖമാണ് കേരളം മുഴുവൻ ജനങ്ങൾ കണ്ടത്. രാഷ്ട്രീയ സദാചാരരാഹിത്യത്തിന്റെ രംഗത്ത് കോൺഗ്രസ്സിനെയും യുഡിഎഫിനെയും സിപിഐ(എം) ഇത്തവണ കടത്തിവെട്ടി. സുൽത്താൻ ബത്തേരിയിൽ ഇരുണ്ട് വെളുത്തപ്പോൾ കോൺഗ്രസ്സ് നേതാവ് സിപിഐ(എം) സ്ഥാനാർത്ഥിയായി. ചാലക്കുടിയിൽ കോൺഗ്രസ്സ് നേതാവ് മാണി കോൺഗ്രസ്സ് പ്രതിനിധിയായി എൽഡിഎഫിന്റെ സ്ഥാനാർത്ഥിയായി. സീറ്റ് വിഭജനത്തിൽ ജോസ് കെ.മാണി വിഭാഗത്തിന് നൽകിയ പിറവം സീറ്റിൽ മത്സരിച്ചത് സിപിഐ(എം)ന്റെ ബ്രാഞ്ചു കമ്മിറ്റിയംഗം. വിവാദമായപ്പോൾ ബ്രാഞ്ച് കമ്മിറ്റിയംഗത്തെ പാർട്ടിയിൽനിന്നുംപുറത്താക്കിയെങ്കിലും ജില്ലാ സെക്രട്ടറി പുറത്താക്കൽ നടപടി റദ്ദാക്കി. തദ്ദേശതെരഞ്ഞെടുപ്പിൽ കൊടുവള്ളിയിൽ കാരാട്ടു റസാഖിനെ വിജയിപ്പിച്ചെടുത്ത നാടകം കേരളം ഓർക്കുമല്ലോ.

ബാർ കോഴകേസും ബജറ്റ് അവതരിപ്പിക്കാൻ കെ.എം. മാണിയെ അനുവദിക്കാതെ നിയമസഭയിൽ നടത്തിയ കൈയാങ്കളിയും ചവിട്ടുനാടകവുമൊക്കെ വിസ്മരിക്കപ്പെട്ടു. പ്രായശ്ചിത്തമെന്ന നിലയിൽ സ്പീക്കർതന്നെ പാലായലെത്തി കെ.എം.മാണി സാറിന്റെ പ്രതിമ അനാഛാദനം ചെയ്തു. സ്വന്തമായി ഒരു പ്രത്യയശാസ്ത്രം ആവിഷ്കരിച്ച മഹാനായ നേതാവായിരുന്നു കെ.എം.മാണിയെന്നു അദ്ദേഹം നാട്ടുകാരെ ഉദ്ബോധിപ്പിച്ചു. ഏതാനും വോട്ടിനുവേണ്ടി കെട്ടിയാടുന്ന ഈ വേഷപ്പകർച്ച കണ്ട് നാട്ടുകാർ മൂക്കത്തു വിരൽവച്ചു. എംപി.വീരേന്ദ്രകുമാറിനെതിരെ പറഞ്ഞതും മറന്ന് ശ്രേയാംസ് കുമാറിനെയും ഇടതുവശത്തു ചേർത്തു. ഭരണത്തുടർച്ചയ്ക്കായി എത്ര തരംതാണ നീക്കുപോക്കിനും തുനിഞ്ഞു, അതൊക്കെയും ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ ചുമലിലുമായി.

ഭൂരിപക്ഷ വോട്ടുകൾ ലക്ഷ്യമിട്ട് ന്യൂനപക്ഷവിരുദ്ധ പരാമർശങ്ങളും പ്രസ്താവനകളും അനസ്യൂതം തുടർന്നു. ശബരിമല കേസുകൾ മാപ്പാക്കി. (സിഎഎ വിരുദ്ധ സമരത്തിലെ കേസുകൾ മാപ്പാക്കുമെന്ന് പ്രഖ്യാപനം നടത്തിയെങ്കിലും പിൻവലിക്കാൻ അത്രതാൽപര്യം കാണിച്ചില്ല) പോളിങ്ങിന്റെ ദിവസംവരെയും ശബരിമല സജീവമാക്കി നിലനിർത്തുന്നതിൽ ശ്രദ്ധവച്ചു. ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഫോട്ടോഗ്രഫറെയും കൂട്ടി അമ്പലങ്ങൾ കയറിയിറങ്ങി വിശ്വാസത്തോടുള്ള കൂറുതെളിയിച്ച കൊണ്ടിരുന്നു. സഭാതർക്കങ്ങളിലെല്ലാം ആവേശപൂർവ്വം ഇടപെട്ട് ഇരുവിഭാഗങ്ങളെയും കൂടെനിർത്താൻ ഏതറ്റംവരെയും താണു. ഭരണത്തുടർച്ചയ്ക്ക് എങ്ങാനും തടസ്സമായെങ്കിലോ എന്നുകരുതി വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദത്തെവരെ തള്ളിപ്പറഞ്ഞു. കിറ്റും പെൻഷനുംകൊണ്ട് സാധാരണക്കാരന്റെ കണ്ണുകെട്ടി.

കിറ്റും പെൻഷനും ഇടതുസർക്കാരിന്റെ ഔദാര്യമാണെന്നും കിറ്റ് 'സൗജന്യ'മാണെന്നും പരസ്യങ്ങൾ നിരന്തരം ഓർമ്മിപ്പിച്ചു കൊണ്ടിരുന്നു. പെട്രോളിയം വിലവർദ്ധനവിലൂടെ മാത്രം ഒരുദിവസം സംസ്ഥാന സർക്കാർ ജനങ്ങളിൽനിന്നും പിഴിഞ്ഞെടുക്കുന്നത് കിറ്റിന് ചെലവാക്കുന്നതിന്റെ എത്രയോ ഇരട്ടിയാണ്. പണത്തിന് യാതൊരു ബുദ്ധിമുട്ടും സിപിഐ(എം)നോ ഇടതുമുന്നണിക്കോ ഉണ്ടായില്ല. ബാർ മുതലാളിമാർ ഉൾപ്പെടെ ദേശീയ പ്രാദേശിക മുതലാളിമാർ എകെജി സെന്ററിൽ ക്യൂനിന്നു. അദാനിയുടെ സ്വാധീനം പരസ്യമായ രഹസ്യമാണ്. പരസ്യങ്ങൾക്ക് ഖജനാവിൽനിന്ന് കോടികൾ ചെലവഴിച്ചു. കുടുക്കപൊട്ടിച്ച കുഞ്ഞുങ്ങളും ആടിനെവിറ്റ താത്തയും പെൻഷൻകാശ് ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്തവരും മണ്ടന്മാരായി. ദുരിതകാലത്ത് ജനങ്ങളെ സംരക്ഷിക്കുക സർക്കാരിന്റെ ഉത്തരവാദിത്തമാണ് എന്നതും റേഷൻ ജനങ്ങൾ പൊരുതി നേടിയ അവകാശമാണെന്നതും 'സൗജന്യ' ചർച്ചകൾ വിസ്മരിച്ചു. തമിഴ്നാട്ടിൽ ജയലളിതയടക്കമുള്ള വലതുപക്ഷ രാഷ്ട്രീയക്കാർ എത്രയോ കാലമായി പയറ്റുന്ന വോട്ടുതന്ത്രമാണ് ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ ചുമലിൽ വച്ചുകെട്ടി അവതരിപ്പിക്കുന്നത്. ആനുകൂല്യങ്ങൾക്കുവേണ്ടി വാലാട്ടുന്നവരെയല്ല, അവകാശങ്ങൾക്കുവേണ്ടി പൊരുതുന്ന ജനതയെയാണ് ഇടതുപക്ഷം വാർത്തെടുക്കേണ്ടത് എന്ന രാഷ്ട്രീയ ദൗത്യവും സൗകര്യപൂർവ്വം വിസ്മരിച്ചുകളഞ്ഞു.

ഒരു വർഗ്ഗ വിഭജിത, മുതലാളിത്ത സമ്പദ്ക്രമത്തിൽ ഒരു സർക്കാരിനെ നയിക്കാൻ അധികാരം ലഭിച്ചാൽ 'എല്ലാവർക്കും' 'എല്ലാം ശരിയാക്കി'ക്കൊടുക്കാനാകില്ല എന്ന അടിസ്ഥാനപാഠത്തെ നിരാകരിക്കുന്ന പഴയ മുദ്രാവാക്യത്തിന്റെ പുതിയ പതിപ്പുമായാണ് ഇത്തവണ എൽഡിഎഫ് രംഗത്തുവന്നത്. ഏതെങ്കിലും ഒരു വർഗ്ഗത്തിനേ 'ഉറപ്പ്'കൊടുക്കാനാകൂ. ഒരു വർഗ്ഗത്തിന് 'ഒപ്പ'മേ നിൽക്കാനാകൂ എന്നത് ക്വാറി മദ്യമാഫിയകൾക്കും വികസനമാഫിയയ്ക്കും 'ഒപ്പം' നിന്നുകൊണ്ട് സർക്കാർ തെളിയിക്കുകയും ചെയ്തു. ഇത്തരംഅരാഷ്ട്രീയമുദ്രാവാക്യങ്ങൾ വർഗ്ഗസമരത്തെ നിരാകരിക്കുന്നതും വർഗ്ഗ സഹകരണമെന്ന കാഴ്ചപ്പാടിനെ പ്രോത്സാഹിപ്പിക്കുന്നതുമാണ്. മുതലാളിത്തത്തിനെതിരെ ഉയർന്നുവരേണ്ട വർഗ്ഗസമരത്തെ ദുർബലപ്പെടുത്തുകയും മുതലാളിത്ത സമ്പദ്ക്രമത്തിൽ സാധാരണജനങ്ങൾക്ക് പ്രതീക്ഷയ്ക്കു വകയുണ്ട് എന്ന സന്ദേശം നൽകുന്നതുമായ വർഗ്ഗവഞ്ചനയുടെ മുദ്രാവാക്യമാണിത്.

ആത്യന്തികമായി മുതലാളിവർഗ്ഗത്തിന്റെ മുദ്രാവാക്യവുമാണ്. ഇടതുപക്ഷ രാഷ്ട്രീയവുമായി, അതായത് ജനങ്ങളുടെ രാഷ്ട്രീയവുമായി ഇതിന് യാതൊരു ബന്ധവുമില്ല. നരേന്ദ്രമോദിയുടെ 'അച്ഛേദിൻ ആയേഗാ', 'നാടു നന്നാകാൻ യുഡിഎഫ്' തുടങ്ങിയ മുദ്രാവാക്യങ്ങളിൽനിന്ന് ഭാഷയിലോ സമീപനത്തിലോ ഉള്ളടക്കത്തിലോ യാതൊരു വ്യത്യാസവും ഇതിനില്ല. ഈ വർഗ്ഗ വിവക്ഷ ജനങ്ങൾ തിരിച്ചറിയാത്തതുകൊണ്ടാണ് ഏഴുപതിറ്റാണ്ട് കേന്ദ്രം ഭരിച്ചും ഊഴമിട്ട് കേരളം ഭരിച്ചും മുതലാളിവർഗ്ഗത്തിന്റെ വിശ്വസ്ത പ്രസ്ഥാനമെന്ന് തെളിയിച്ചുകഴിഞ്ഞ കോൺഗ്രസ്സിന് നാടുനന്നാകാൻ എന്ന മുദ്രാവാക്യം മുഴക്കാൻ സാധിക്കുന്നത്. നന്നാക്കാൻ ഉദ്ദേശിക്കുന്നത് ആരുടെ നാട് എന്നത് വളരെ വ്യക്തമാണ്.

## ഇനിയും 'നാട് നന്നാക്കാൻ' മോഹിച്ച് യുഡിഎഫ്

പരസ്യകമ്പനിയുടെ കഴമ്പില്ലായ്മ തലവാചകത്തിനുണ്ട്. കേന്ദ്രത്തിലും സംസ്ഥാനത്തും പ്രതിപക്ഷത്താണ് കോൺഗ്രസ്സ് എങ്കിലും കേന്ദ്രസംസ്ഥാന സർക്കാരുകളുടെ കുത്തകപ്രീണന നയങ്ങൾക്ക് ഉത്തരം പറയേണ്ട ബാധ്യത കോൺഗ്രസ്സിനുതന്നെയാണ്. ആഗോളവത്ക്കരണനയങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് ഇന്ത്യയിലെ ജനങ്ങളെയും പ്രകൃതി വിഭവങ്ങളും സേവനമേഖലകളുമെല്ലാം കുത്തകകൾക്ക് തീറെഴുന്ന നയങ്ങൾ ആവിഷ്ക്കരിച്ച കോൺഗ്രസ്സും ജനങ്ങളുടെ ജീവിതപ്രശ്നങ്ങൾക്ക് വിശ്വാസത്തിന്റെ മറതന്നെ പിടിച്ചു. ശബരിമല വിഷയത്തിൽ നിയമനിർമ്മാണം എന്ന ഓഫർ വച്ച് വിശ്വാസികളെ ആകർഷിക്കാൻ ശ്രമിച്ചു. അതല്ലാതെ മറ്റൊന്നും അവരും പറയാൻ ഉദ്ദേശിച്ചില്ല. കിറ്റും കിഫ്ബിയും ന്യായ് പദ്ധതിയും തുടങ്ങി വികസനപ്രവർത്തനങ്ങൾക്കുൾപ്പെടെ ഒരു യുഡിഎഫ് വേർഷൻ അവതരിപ്പിച്ചതല്ലാതെ അടിസ്ഥാനവ്യത്യാസം എവിടെയും കാണാനുണ്ടായിരുന്നില്ല. ജനങ്ങൾക്ക് യാതൊന്നും ഇക്കൂട്ടരിൽനിന്ന് പ്രതീക്ഷിക്കാനില്ല.

(ശേഷം 3–ാം പേജിൽ)

# പാർലമെന്ററി രാഷ്ട്രീയം പതനത്തിന്റെ പടുകുഴിയിൽ; ജനസമര രാഷ്ട്രീയം കരുത്താർജ്ജിക്കുന്നു

**ലോകത്തെ പിടിച്ചു കുലുക്കുകയും മാറ്റിമറിക്കുകയും ചെയ്തിട്ടുള്ള എല്ലാ വിപ്ലവങ്ങളും സമാരംഭിക്കുക ജനകീയ പ്രക്ഷോഭങ്ങളുടെ അടിത്തറയിൽ നിന്നായിരിക്കും. റഷ്യയിലെയും ചൈനയിലെയും സോഷ്യലിസ്റ്റ് വിപ്ലവങ്ങളാകട്ടെ സിറിയയിലെയും ലാറ്റിനമേരിക്കയിലെയും ഈജിപ്തിലെയും മ്യാൻമറിലെയും മറ്റും ജനാധിപത്യ പ്രക്ഷോഭങ്ങളാകട്ടെ ഇന്ത്യയെ രാഷ്ട്രീയമായി സ്വതന്ത്രയാക്കിയ സ്വാതന്ത്ര്യ സമരമാകട്ടെ ജനങ്ങൾ സംഘടിതമായി വളർത്തിയെടുത്ത വലിയ സമരങ്ങളുടെ പരിണതികൾ ആയിരുന്നുവെന്ന് ചരിത്രം കാണിക്കുന്നു. ഇന്നും ലോകത്തിന്റെ ഗതിവിഗതികളെ നിയന്ത്രിക്കുവാൻ, നിഷ്ഠുരമായ ചൂഷണ ഭരണവാഴ്ച്ചക്ക് ആഘാതം ഏൽപ്പിക്കുവാൻ ജനാധിപത്യ പ്രക്ഷോഭങ്ങൾക്ക് കഴിയുന്നുണ്ട്.**

സമീപകാലത്ത്, വംശവെറിക്കെതിരെ അമേരിക്കയിൽ കത്തിപ്പടർന്ന വമ്പൻ പ്രക്ഷോഭം മുതൽ ഇന്ത്യയിലെ ഐതിഹാസികമായ കർഷകസമരം വരെയുള്ളവ ഭരണവർഗ ചേരിയും ജനകീയ സമര ചേരിയും തമ്മിലുള്ള രാഷ്ട്രീയ സംഘട്ടനത്തിന്റെ പോർമുഖങ്ങൾ തന്നെ.

പോരാട്ടത്തിന്റെ രാഷ്ട്രീയത്തെ തെരഞ്ഞെടുപ്പ് വേദികളിൽ അവതരിപ്പിക്കുവാൻ വിപ്ലവപ്രസ്ഥാനമായ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ പ്രചാരണങ്ങൾ കൊണ്ട് കഴിയുന്നുണ്ട്. പക്ഷേ, സമൂഹത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾക്കൊന്നിനും പരിഹാരം കാണാൻ പാർലമെന്ററി വ്യവസ്ഥിതിക്ക് കഴിയില്ലായെന്ന തിരിച്ചറിവോടെ തന്നെയാണ് തെരഞ്ഞെടുപ്പിൽ പാർട്ടി മത്സരിക്കുന്നത്. എന്നാൽ ആ മത്സരവേദിയിൽ മുഖംമൂടിയണിഞ്ഞ ഇന്ത്യൻ ജനാധിപത്യത്തിന്റെ ജീർണ്ണാവസ്ഥകൾ തുറന്നു കാണിക്കുവാൻ നമുക്ക് കഴിയുന്നു. പാർലമെന്റും അസംബ്ലികളും എത്രത്തോളം നോക്കുകുത്തികളായി മാറിക്കഴിഞ്ഞു എന്ന സത്യം ബോദ്ധ്യപ്പെടുത്തി, പാർലമെന്ററി വ്യാമോഹങ്ങളിൽനിന്ന് ജനങ്ങളെ മോചിപ്പിച്ച് ജനസമര രാഷ്ട്രീയത്തിലേക്ക് ആനയിക്കുവാനുള്ള നിരന്തരമായ പരിശ്രമങ്ങൾ പാർട്ടി തുടരുകയാണ്.

ഏത് പാർട്ടി അഥവാ മുന്നണി പാർലമെന്ററി സംവിധാനത്തിൽ അധികാരത്തിൽ വന്നാലും ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയില്ലെന്ന് പറയുന്നത് എന്തുകൊണ്ട്?

ഒന്നാമത്തെ കാരണം, സമൂഹത്തെയും സാമ്പത്തികഘടനയെയും ബാധിക്കുന്ന നയങ്ങളിൽ പാർലമെന്റും നിയമസഭകളും തീരുമാനമെടുക്കുന്നത് ജനതാൽപര്യം മുൻനിർത്തിയല്ല എന്നതുതന്നെ. രണ്ടാമതായി, സഭകളിൽ ചർച്ചയ്ക്ക് വരുന്ന വിഷയങ്ങളിലും തീരുമാനങ്ങൾ ജനവിരുദ്ധമായിരിക്കും. സഭയ്ക്ക് പുറത്ത് എക്സിക്യൂട്ടീവ് തലത്തിൽ തീരുമാനമെടുക്കുന്ന പ്രവണതയും ശക്തമാണ്. രാജ്യത്തെ തകർത്ത നോട്ട് നിരോധനവും ജിഎസ്ടിയുംപോലും പാർലമെന്റിന് പുറത്താണ് തീരുമാനിക്കപ്പെട്ടത്. കാശ്മീരിന്റെ പ്രത്യേക പദവി റദ്ദാക്കൽ, കർഷകവിരുദ്ധ ഓർഡിനൻസുകൾ, പൗരത്വനിയമഭേദഗതി തുടങ്ങിയവയൊക്കെ അംഗങ്ങളുടെ എതിർപ്പിന് ഒരു വിലയും കൽപ്പിക്കാതെ പാസാക്കി എടുക്കുന്നതും നാം കണ്ടു. പെട്രോളിയം ഉല്പന്നങ്ങൾക്ക് നിത്യവും വില കൂട്ടുന്നത് ഏത് പാർലമെന്റിന്റെ തീരുമാനപ്രകാരമാണ്?

അപ്പോൾ, യഥാർത്ഥ അധികാര കേന്ദ്രം പാർലമെന്റ് അല്ല, മറ്റെവിടെയോ ആണെന്ന് ജനങ്ങൾ തിരിച്ചറിയുന്നു. ആ തിരിച്ചറിവ് രാജ്യത്തെ നല്ലൊരുവിഭാഗം ജനതയെ ജനകീയ സമര രംഗത്തേക്ക് എടുത്തു ചാടാൻ പ്രേരിപ്പിക്കുന്നു.

സർക്കാരിന്റെ വർഗീയ വിഭജന അജണ്ട പ്രകാരം തയ്യാറാക്കപ്പെട്ട പൗരത്വ നിയമഭേദഗതിക്കെതിരെ രാജ്യമെമ്പാടും വീറ്റുറ്റ പ്രക്ഷോഭങ്ങൾ വളർന്നുവന്നത് അങ്ങനെയാണ്. ബിജെപി ഭരണത്തിൻ കീഴിൽ ജനാധിപത്യം, മതേതരത്വം, ഭരണഘടനാ മൂല്യങ്ങൾ എന്നിവയൊക്കെ കാറ്റിൽപറന്നുപോകുന്ന നാളുകളിൽ മതേതര ശക്തികൾ ഒന്നിച്ചുകൂടുന്ന ദേശീയ സമരവേദിയായിരുന്നു ന്യൂഡൽഹിയിലെ ഷഹീൻ ബാഗ്. ആ സമരം വളർത്തിയെടുക്കുന്നതിൽ നിർണായകമായ ഒരു പങ്കാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി വഹിച്ചത്. കേരളത്തിലും പൗരത്വ സംരക്ഷണ സമരത്തിന്റെ ഒന്നാം നിരയിൽ ഉണ്ടായിരുന്ന ഒരേ ഒരു പാർട്ടി നമ്മുടേത് ആയിരുന്നു.

ആ പ്രക്ഷോഭത്തെ അത്രയും ശക്തിയായി വളർത്തിയെടുക്കാൻ കഴിഞ്ഞില്ലായിരുന്നുവെങ്കിൽ ഇതിനകം രാജ്യത്തെ പൗരന്മാരെ മതാടിസ്ഥാനത്തിൽ മോദി സർക്കാർ വെട്ടി മുറിക്കുമായിരുന്നു. മനുഷ്യരെ മതാടിസ്ഥാനത്തിൽ വിഭജിക്കുന്ന ആ നിയമം ഇതുവരെ പിൻവലിക്കപ്പെട്ടിട്ടില്ല. എത്രയൊയൊക്കെ ഭരണഘടനാവിരുദ്ധമാണെങ്കിലും ശരി ആ നിയമം പിൻവലിക്കാനുള്ള സന്നദ്ധത ഇപ്പോഴത്തെ പാർലമെന്റിന് ഇല്ല എന്ന് തെളിയിച്ചു കഴിഞ്ഞു. അപ്പോൾ, പ്രക്ഷോഭം അല്ലാതെ മറ്റെന്താണ് ഇന്ത്യയിലെ ജനങ്ങളുടെ മുന്നിലെ വഴി?

കാർഷിക കരിനിയമങ്ങളുടെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ല. കാർഷിക മേഖലയെ പരിപൂർണ്ണമായും ദേശ -വിദേശ കുത്തകകൾക്ക് അടിയറവെക്കുന്ന മൂന്നു നിയമങ്ങൾ ആദ്യം ഓർഡിനൻസിലൂടെ കൊണ്ടുവന്നു. പിന്നെ പാർലമെന്റിൽ അടിച്ചേൽപ്പിച്ചു. അതിനെതിരായി, മാസങ്ങളായി മുന്നേറുന്ന കർഷക സമരത്തെ അടിച്ചമർത്താനാണ് മോദിയും സംഘശക്തികളും ശ്രമിക്കുന്നത്, നിയമങ്ങൾ പിൻവലിക്കാനല്ല. പാർലമെന്റിലെ മൃഗീയ ഭൂരിപക്ഷം ജനവിരുദ്ധ നിയമങ്ങൾ നടപ്പിലാക്കാനുള്ള മുൻ ഉപാധി മാത്രമാണ്. ജനതാൽപര്യങ്ങൾ അവർ പ്രതിനിധാനം ചെയ്യുന്നില്ല എന്നതിന് മറ്റെന്ത് തെളിവാണ് ആവശ്യമായിട്ടുള്ളത്? കർഷക സമരം വളർത്തിയെടുക്കുന്നതിലും അതിനെ ദേശവ്യാപകമാക്കുന്നതിലും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സുപ്രധാനമായ പങ്ക് വഹിച്ചുകൊണ്ടിരിക്കുന്നു.

പെട്രോളിയം ഉൽപന്നങ്ങളുടെ പേരിൽ ജനങ്ങളെ പിഴിഞ്ഞൂറ്റുമ്പോഴും ജി എസ് ടി യുടെ പേരിൽ കേന്ദ്ര -സംസ്ഥാന സർക്കാരുകൾ ഒരേപോലെ കൊള്ളയടി തുടരുമ്പോഴും വികസനം എന്ന കപട വാഗ്ദാനത്തിന്റെ മറയിൽ ജനങ്ങളുടെ ഭൂമി കൈയേറുമ്പോഴും ജനതാൽപര്യം സംരക്ഷിക്കാനായി ശബ്ദമുയർത്താൻപോലും പാർലമെന്റിനോ നിയമസഭയ്ക്കോ കഴിയുന്നില്ലെങ്കിൽ അവയൊക്കെ എത്ര വ്യർത്ഥമായ സ്ഥാപനങ്ങളായി മാറിക്കൊണ്ടിരിക്കുന്നുവെന്നാണ് തെളിയിക്കുന്നത്.

കേരളനിയമസഭയിലേക്കുള്ള പതിനഞ്ചാമത് തെരഞ്ഞെടുപ്പും കഴിഞ്ഞു. മൂന്നു കോർപ്പറേറ്റ് മുന്നണികളും ഒരേ വികസന മുദ്രാവാക്യങ്ങൾ ഒരേസ്വരത്തിൽ ഏറ്റുപാടിയാണ് തെരഞ്ഞെടുപ്പ് മാമാങ്കം കെങ്കേമം ആക്കിയത്. എന്നാൽ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി മാത്രമാണ് പ്രക്ഷോഭത്തിന്റെ രാഷ്ട്രീയം അവതരിപ്പിച്ചത്. മൂന്നു മുന്നണികളിൽ ആര് അധികാരത്തിൽ വന്നാലും ജനജീവിതം ദുരിതപൂർണമാകുമെങ്കിൽ പിന്നെന്തിന് അതിലൊരു വകഭേദത്തെ പിന്തുണയ്ക്കണം?

## സാധാരണജനങ്ങൾ ചിന്തിച്ചു തുടങ്ങിയിരിക്കുന്നു

അതുകൊണ്ട്, പാർലമെന്ററി രാഷ്ട്രീയത്തിന് പുറത്താണ് ജനങ്ങളുടെ സ്ഥാനം എന്ന് തിരിച്ചറിഞ്ഞ് പൊരുതുവാൻ അവർക്ക് ഒരു പ്രസ്ഥാനം ആവശ്യമുണ്ട്. പോരാടുന്ന ജനങ്ങളോടൊപ്പം നിൽക്കുന്ന പ്രസ്ഥാനം: അതാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി.

നോക്കൂ, സമകാലിക കേരളത്തിലെ ന്യായമായ എല്ലാ ജനകീയ സമരങ്ങളിലും നേതൃത്വപരമായ പങ്ക് വഹിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനമാണ് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) എന്ന് രാഷ്ട്രീയം ശ്രദ്ധിക്കുന്ന ഏതൊരാൾക്കും നല്ല നിശ്ചയം ഉണ്ടാകും. ഇത്തവണത്തെ നിയമസഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞതിന് ശേഷം പോലും വഞ്ചിക്കപ്പെട്ട ഉദ്യോഗാർഥികളുടെ സമരത്തെ അതീവശ്രദ്ധയോടെ വളർത്തിയെടുക്കാൻ എസ്‌യുസിഐ യുടെ യുവജന വിഭാഗം നേതാക്കൾ നടത്തിയ കഠിനപ്രയത്നം ആവേശദായകമാണ്.

## വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം പോംവഴി

തൊഴിൽ നേടിയെടുക്കാൻ വേണ്ടി സെക്രട്ടറിയേറ്റ് നടയിൽ നടത്തിവരുന്ന അനിശ്ചിതകാല സമരത്തിന് പൊതുസമൂഹത്തിന്റെ ആകെ പിന്തുണ നേടിയെടുക്കാൻ

(ശേഷം 4-ാം പേജിൽ)

(2-ാം പേജിൽ നിന്ന്)

## വികസനം-വഞ്ചനയുടെ മുദ്രാവാക്യം

മുതലാളിവർഗ്ഗത്തിന്റെ വിശ്വാസ്യത നേടിയെടുക്കാനുള്ള മത്സരമാണ് യഥാർത്ഥത്തിൽ നടന്നത്. മൂന്നുകൂട്ടരും ഒരുപോലെ വികസനത്തിനുവേണ്ടി വാശിയോടെ നിലയുറപ്പിച്ചു. ഓരോരുത്തരും മണ്ഡലത്തിന്റെ സമഗ്രവികസനത്തെക്കുറിച്ചും വികസനസ്വപ്നങ്ങളും ഊന്നിയൂന്നിപ്പറഞ്ഞു.

വികസനം രാഷ്ട്രീയക്കാരുടെ പദാവലിയിൽ കയറിപ്പറ്റിയിട്ട് ഏറെക്കാലമായില്ല. അതിന് ആഗോളവത്ക്കരണകാലഘട്ടത്തിന്റെ പ്രായമേയുള്ളൂ. ഇന്ത്യൻ ഭരണഘടനയുൾപ്പെടെ അതുവരെ നാം സോഷ്യലിസത്തെക്കുറിച്ചും സാമൂഹ്യക്ഷേമത്തെക്കുറിച്ചുമാണ് ചർച്ച ചെയ്തുകൊണ്ടിരുന്നത്. കിഫ്ബി ഉൾപ്പെടെ ഭീമമായി കടംവാങ്ങി ജനങ്ങളെ കടക്കെണിയിൽ കുടുക്കി സമ്പന്നരുടെ ധനാഗമമാർഗ്ഗങ്ങൾ ഉറപ്പാക്കുന്ന ആധുനിക മുതലാളിത്ത വികസന തന്ത്രമാണ് ഇടതുപക്ഷവും പയറ്റുന്നത്.

ആദ്യഘട്ടങ്ങളിൽ ചെറുകിട നിർമ്മാണ പ്രവർത്തനങ്ങളായിരുന്നു വികസനമെങ്കിൽ കാലം പോകെ ലക്ഷക്കണക്കിന് കോടികൾ ചെലവഴിക്കപ്പെടുന്ന വൻകിട കമ്പോളമായി വികസനം മാറി. മുതലാളിത്തത്തിന് യുദ്ധംപോലെതന്നെയുള്ള കൃത്രിമ കമ്പോളമാണ് വികസനം. മുടങ്ങിക്കിടക്കുന്ന പദ്ധതികളുടെ അതിവേഗവികസനമെന്ന് മുന്നണികൾ ആവർത്തിച്ചുകൊണ്ടിരുന്നത് മുതലാളിവർഗ്ഗത്തിന് നൽകുന്ന ഉറപ്പാണ്. സാധാരണക്കാരന് അവന്റെ കൂര കൈവിട്ടുപോകുന്ന ഇടപാടാണത് എന്ന് നേതാക്കന്മാരുടെ വാചാടോപങ്ങളിൽ മയങ്ങിപ്പോയിരുന്ന ജനങ്ങളും മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ട്. അനേകായിരങ്ങളുടെ ജീവിതമാർഗ്ഗമടച്ച് സമുദ്രസമ്പത്തുപോലും തീറെഴുതുന്നത് അവർകാണുന്നുണ്ട്.

തെരഞ്ഞെടുപ്പ് നടന്നത് കേരളത്തിന്റെ നിയമനിർമ്മാണസഭയിലേയ്ക്കാണ്. ജനങ്ങൾക്ക് കുടിവെള്ളം, വൈദ്യുതി, പാർപ്പിടം, വിദ്യാഭ്യാസം, തൊഴിൽ, ചികിത്സ, ഭക്ഷണം തുടങ്ങി ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാക്കും എന്ന് ഉറപ്പുവരുത്തുന്ന നിയമങ്ങൾ നിർമ്മിക്കേണ്ടുന്ന ഇടമാണത് എന്ന് രാഷ്ട്രീയ നേതാക്കന്മാർക്ക് മുന്നണിഭേദമെന്യേ വിസ്മരിക്കാം. തൊഴിലിനുവേണ്ടി യുവാക്കൾ സെക്രട്ടേറിയറ്റ് നടയിൽ നടത്തുന്ന സമരം കണ്ടില്ലെന്നു നടിക്കാം. എന്നാൽ ഇവരുടെ ഭരണത്തിലൂടെ, വികസനത്തിന്റെ മറയിൽ ഇപ്പറഞ്ഞതെല്ലാം കൈവിടേണ്ടിവന്ന ഇന്നാട്ടിലെ സാധാരണക്കാരന് അത് മറക്കാനാവില്ല, മറക്കുകയുമരുത്.

തെരഞ്ഞെടുപ്പ് എന്ന പേരിൽ കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ടുള്ള മാമാങ്കം കഴിഞ്ഞു. എല്ലാവരും മുതലാളിമാരുടെ ചെലവിലാണ് മത്സരിച്ചത്. സ്ഥാനാർത്ഥിത്വമുറപ്പിക്കാൻ ഏതറ്റംവരെയും പോകാൻ തയ്യാറായവർ ജയിക്കാനും ഇതേ കളിതന്നെയായിരിക്കും കളിച്ചിരിക്കുക. 'നല്ല കളിക്കാർ' ജയിക്കും. മന്ത്രിസ്ഥാനത്തിനും അധികാരത്തിനുംവേണ്ടി മുന്നണി വീണ്ടും മാറേണ്ടിവന്നാൽ അതിനും ആരും മടിക്കില്ല. ചാടിവരുന്നവരെക്കൂട്ടി ഏതെങ്കിലുമൊരു മുന്നണി സർക്കാരുമുണ്ടാക്കും. കുത്തകകൾക്കുവേണ്ടി ജനദ്രോഹനയങ്ങൾ തുടരും. സർക്കാർ മാറിയാലും തുടർന്നാലും നയങ്ങൾ മാറില്ല. അനസ്യൂതം തുടരും. അപ്പോൾ നമ്മുടെ ജീവിതവും ജീവിതോപാധികളും സംരക്ഷിക്കാൻ ജാതി-മതഭേദമെന്യേ, സങ്കുചിത കക്ഷി രാഷ്ട്രീയ ഭേദമെന്യേ നമുക്ക് ഒന്നിച്ചുനിൽക്കുകയും പൊരുതുകയുമല്ലാതെ മറ്റ് പോംവഴികളില്ല. പ്രശ്ന പരിഹാരത്തിന് കുറുക്കുവഴിയില്ല എന്ന തിരിച്ചറിവോടെ നമുക്ക് ജാഗ്രത്തായിരിക്കാം. ■

# നിയമനം ലഭിക്കുംവരെ സമരം തുടരാൻ ഉദ്യോഗാർത്ഥികൾ

(1–ാം പേജിൽ നിന്ന്)

സിപിഒ, എൽജിഎസ്, കെഎസ്ആർടിസി ഡ്രൈവർ, കെഎസ്ആർടിസി മെക്കാനിക്, റിസർവ്വ് ഫോറസ്റ്റ് വാച്ചർ തുടങ്ങിയ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട നൂറ് കണക്കിന് ഉദ്യോഗാർത്ഥികൾ മാർച്ചിൽ അണിനിരന്നു. ആയിരക്കണക്കിന് ബഹുജനങ്ങളുടെ ആവേശകരമായ പിന്തുണ ഏറ്റുവാങ്ങിക്കൊണ്ട് രണ്ടു ദിവസം കൊണ്ടാണ് ലോംഗ് മാർച്ച് സെക്രട്ടേറിയറ്റിന് മുന്നിൽ എത്തിച്ചേർന്നത്.

കാരക്കോണത്തുനിന്നും മാർച്ച് ആരംഭിക്കുമ്പോൾതന്നെ ജനങ്ങളുടെ പിന്തുണ പ്രകടമായിരുന്നു. നിരവധി സാധാരണ മനുഷ്യർ ഏറെ ദൂരം മാർച്ചിനെ അനുഗമിച്ചു. കടന്നുവന്ന എല്ലാ കവലകളിലും തൊഴിലാളികൾ ഉൾപ്പടെയുള്ള ബഹുജനങ്ങൾ ഉദ്യോഗാർത്ഥികളെ മാലയിട്ടും ഭക്ഷണവും വെള്ളവും നൽകിയും സ്വീകരിച്ചു. ജനങ്ങൾ, വിവിധ കേന്ദ്രങ്ങളിൽ നൽകിയ സ്വീകരണത്തിന് നന്ദി പറഞ്ഞുകൊണ്ട്, ഉദ്യോഗാർത്ഥികളായ എം.വിഷ്ണു, എസ്.വിഷ്ണു, വി.സനു, വിനായകൻ, അശോക്, രതീഷ് ജയപാലൻ, അരവിന്ദ്, ലാസർ, ദീപു, രഞ്ജിത്, ജ്യോതി, പ്രവീൺ എന്നിവർ പ്രസംഗിച്ചു. സിപിഒ ഉദ്യോഗാർത്ഥിയായ വിഷ്ണുവിന്റെ പ്രസംഗം ജനങ്ങളിൽ വലിയ സ്വാധീനം സൃഷ്ടിച്ചു.

"എനിക്കർഹതപ്പെട്ട ജോലി നൽകാതെ, എന്റെ വയോധികനായ പിതാവിന് തുഛമായ തുക ക്ഷേമ പെൻഷൻ നൽകി വോട്ട് പിടിക്കുന്ന എൽഡിഎഫ് സർക്കാരിന്റെ യുവജന വഞ്ചന ജനങ്ങൾ തിരിച്ചറിയും. പാറ പൊട്ടിക്കുന്ന പണിക്കുപോയാണ് കുടുംബം നോക്കുന്നത്. പകലന്തിയോളം പണി ചെയ്ത്, രാത്രികളിൽ ഉറക്കമിളച്ചിരുന്ന് പഠിച്ചാണ് റാങ്ക് ലിസ്റ്റിൽ സ്ഥാനം പിടിച്ചത്. എന്നെപ്പോലുള്ള യുവാക്കളുടെ കഷ്ടപ്പാടിനെ മറികടന്ന്, പിൻവാതിലിലൂടെ പാർട്ടിക്കാരുടെ സ്വന്തക്കാരെ സ്ഥിരപ്പെടുത്തിയവർക്ക് കേരളം മാപ്പു തരില്ല ". വിഷ്ണു പറഞ്ഞു.

ആദ്യ ദിവസത്തെ മാർച്ച്, ബാലരാമപുരത്ത് സമാപിച്ചു. സമാപന സമ്മേളനത്തിൽ സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ, വിവരാവകാശ പ്രവർത്തകനും കെപിസിസി സെക്രട്ടറിയുമായ അഡ്വ. പ്രാണകുമാർ തുടങ്ങിയവർ പ്രസംഗിച്ചു.



സെക്രട്ടേറിയറ്റിന് മുന്നിൽ നടന്ന ലോംഗ് മാർച്ചിന്റെ സമാപന സമ്മേളനം പ്രശസ്ത ചലച്ചിത്ര നടൻ ജഗദീഷ് ഉദ്ഘാടനം ചെയ്യുന്നു




ലോംഗ് മാർച്ചിന്റെ കോ–ഓർഡിനേറ്ററും എഐഡിവൈഒ സംസ്ഥാന സെക്രട്ടറിയുമായ സഖാവ് ഇ.വി. പ്രകാശ് മാർച്ചിനെ അഭിസംബോധന ചെയ്യുന്നു

ഏപ്രിൽ 1ന് ബാലരാമപുരത്ത് നിന്നും രണ്ടാം ദിവസത്തെ മാർച്ച് എം.വിൻസൻ്റ് എംഎൽഎ ഉദ്ഘാടനം ചെയ്തു. പൊള്ളുന്ന വെയിലിനെ അവഗണിച്ചുകൊണ്ട്, ദീർഘദൂരം നടന്നതുമൂലം കാലുകൾ പൊട്ടിയെങ്കിലും മാർച്ചിന് ആവേശം ഒട്ടും കുറഞ്ഞിരുന്നില്ല. 40 കിലോമീറ്റർ പിന്നിട്ട്, മാർച്ച് തമ്പാനൂരിൽ എത്തിച്ചേരുമ്പോൾ വിവിധ ജില്ലകളിൽ നിന്നായി നൂറ് കണക്കിന് ഉദ്യോഗാർത്ഥികൾ സമരഭടന്മാരെ സ്വീകരിക്കുവാൻ അവിടെ എത്തിയിരുന്നു. തമ്പാനൂരിൽ മാർച്ചിനെ, എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് ആർ.ബിജു, എഐഡിവൈഒ ജില്ലാക്കമ്മിറ്റിയംഗവും വട്ടിയൂർക്കാവ് മണ്ഡലത്തിലെ എസ്‌യുസിഐ(സി) സ്ഥാനാർത്ഥിയുമായ സഖാവ് എ.ഷൈജു എന്നിവർ സ്വീകരിച്ചു. സെക്രട്ടേറിയറ്റിന് മുന്നിൽ നടന്ന സമാപന സമ്മേളനം പ്രശസ്ത ചലച്ചിത്ര നടൻ ജഗദീഷ് ഉദ്ഘാടനം ചെയ്തു. "ഉദ്യോഗാർത്ഥികളുടെ സമരം രാഷ്ട്രീയത്തിനതീതമാണ്. ത്യാഗനിർഭരമായ ലോംഗ് മാർച്ചിലൂടെ ഇതൊരു ധർമ്മസമരമാണെന്ന് ഒരിക്കൽകൂടി തെളിയിക്കപ്പെട്ടിരിക്കുന്നു. ഈ സമരത്തിൽ പങ്കാളിയാകുന്നതിൽ എനിക്ക് അഭിമാനമുണ്ട്. തികച്ചും ന്യായമായ ആവശ്യങ്ങളാണ് നിങ്ങൾ മുന്നോട്ട് വയ്ക്കുന്നത്. തൊഴിലിന് അർഹത നേടിയ ഉദ്യോഗാർത്ഥികളുടെ സമരത്തെ ആക്ഷേപിക്കുകയും അവഗണിയ്ക്കുകയും ചെയ്യുന്നത് ഏത് ഗവൺമെന്റായാലും അത് തെറ്റാണ്. തൊഴിലെന്നത് ആരുടെയും ഔദാര്യമല്ല, അവകാശമാണ്. ഏത് ഗവൺമെന്റ് അധികാരത്തിൽ വന്നാലും നിയമന ഉത്തരവ് ലഭിക്കുന്നതുവരെ നിങ്ങൾ സമരം തുടരണം", അദ്ദേഹം പറഞ്ഞു.

സമാപന സമ്മേളനത്തിൽ ലോംഗ് മാർച്ചിന്റെ കോ–ഓർഡിനേറ്ററും എഐഡിവൈഒ സംസ്ഥാന സെക്രട്ടറിയുമായ സഖാവ് ഇ.വി.പ്രകാശ് അധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ആർ.കുമാർ, വീണ എസ്. നായർ, കെഎസ്‌യു സംസ്ഥാന വൈസ് പ്രസിഡന്റ് റിങ്കു, എം. ഷാജർഖാൻ, രഞ്ജിത് ചന്ദ്രൻ, പിഎസ്‌സി എംപ്ലോയീസ് അസോസിയേഷൻ നേതാവ് കെ.എ. സാദിഖ്, കെ.എം.ഷാജഹാൻ, അശ്വതി ജ്വാല, വി.എൻ.ഷിബു, എ.ഷൈജു, വിനേഷ് ചന്ദ്രൻ ,എം. വിഷ്ണു, എസ്.വിഷ്ണു എന്നിവർ പ്രസംഗിച്ചു. 15–ാമത് കേരള നിയമസഭയിൽ അധികാരത്തിൽ ആരു വന്നാലും യുവജനങ്ങളുടെ തൊഴിലില്ലായ്മ പ്രശ്നത്തെ അവഗണിയ്ക്കാനാവില്ലെന്നും നിയമനം വരെ സമരം ചെയ്യുമെന്നും ഉറക്കെ പ്രഖ്യാപിച്ചു കൊണ്ടാണ് ലോംഗ് മാർച്ച് അവസാനിച്ചത്. ■

---

(3–ാം പേജിൽ നിന്ന്)

കഴിഞ്ഞുവെന്നത് നിസ്സാര കാര്യമല്ല. ആത്മാർത്ഥവും സമർപ്പിതവുമായ ഒരു നേതൃത്വത്തെ സൃഷ്ടിച്ചെടുക്കാൻ കഴിഞ്ഞാൽ ഏത് ന്യായമായ സമരത്തെയും വിജയപഥത്തിൽ എത്തിക്കാൻ കഴിയും. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) അനുവർത്തിക്കുന്ന പ്രക്ഷോഭ രാഷ്ട്രീയത്തിന്റെ സ്വാധീനം ഉദ്യോഗാർത്ഥികൾക്ക് പൊരുതി നിൽക്കാനുള്ള ആത്മവിശ്വാസം പകർന്നു നൽകി. മറ്റെല്ലാവരും പാതിവഴിയിൽ ഉപേക്ഷിച്ചിട്ടും സിപിഒ റാങ്ക്‌ലിസ്റ്റിലുള്ളവർ കീഴടങ്ങിയില്ല. അവർ നിശ്ചയദാർഢ്യത്തോടെ പൊരുതി. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ യുവജന പ്രസ്ഥാനമായ എഐഡിവൈഒയുടെ സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശും ഒരു സംഘം യുവ നേതാക്കളും രാവും പകലും സമരക്കാരോടൊപ്പം ജീവിച്ചുകൊണ്ട് വളർത്തിയെടുത്തതാണ് ഉദ്യോഗാർഥികളുടെ അടിപതറാത്ത പ്രക്ഷോഭം.

ഇപ്പോൾ നടന്നു കഴിഞ്ഞ നിയമസഭാതെരഞ്ഞെടുപ്പിൽ,അതീവ രൂക്ഷമായ തൊഴിലില്ലായ്മ പ്രശ്നത്തെ ഏറ്റവും പ്രധാനപ്പെട്ട രാഷ്ട്രീയ ചർച്ചാവിഷയമാക്കി മാറ്റുന്നതിൽ ഉദ്യോഗാർഥികളുടെ സന്ധിയില്ലാ സമരം വിജയം കണ്ടു. മുന്നണികളുടെ വാഗ്ദാനങ്ങളിൽ സിപിഒ റാങ്ക് ഹോൾഡേഴ്സ് വീണില്ല. പ്രക്ഷോഭം മാത്രമാണ് ഭാവിയിലേക്കുള്ള പാത എന്ന് അവർക്ക് തിരിച്ചറിയാനായി. അതിലൂടെ പിഎസ്‌സിയിലും മറ്റും പരീക്ഷയെഴുതി കാത്തിരിക്കുന്ന ലക്ഷക്കണക്കിന് യുവജനങ്ങൾക്ക് പൊരുതാനുള്ള വഴികാട്ടിയായി മാറി ഉദ്യോഗാർത്ഥി സമരം.

അതേപോലെ, ചെറുതും വലുതുമായ എണ്ണമറ്റ സമരങ്ങൾ രാജ്യമെമ്പാടും എന്ന പോലെ കേരളത്തിലും വളർത്തിയെടുത്തുകൊണ്ട് ജനസമരത്തിന്റെ രാഷ്ട്രീയ പാത തെളിച്ചെടുക്കുകയാണ് നമ്മൾ. ഇന്ത്യൻ തൊഴിലാളി വർഗത്തിന്റെ പടയൊരുക്കത്തിന് ആഹ്വാനം ചെയ്തുകൊണ്ട് നവംബർ 26ന് ദേശീയ പണിമുടക്ക് നടക്കുമ്പോഴും അതിന്റെ സന്ദേശം കേരളത്തിലെ എല്ലാ കോണുകളിലും എത്തിക്കാൻ പ്രയത്നിച്ചത് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയും പാർട്ടിയുടെ ട്രേഡ് യൂണിയനായ എഐയുടിയുസിയുമായിരുന്നു.

തൊഴിൽ അവകാശങ്ങൾ സംരക്ഷിക്കണമെങ്കിൽ തെരുവിൽ പൊരുതാതെ തൊഴിലാളികൾക്ക് രക്ഷയില്ല. നിർഭാഗ്യവശാൽ വ്യവസ്ഥാപിത ട്രേഡ് യൂണിയനുകളും സിപിഐയും സിപിഐ(എം)ഉം ദേശീയ പൊതുപണിമുടക്കിന്റെ സമയത്ത് കേരളത്തിലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മുഴുകിയിരിക്കുകയായിരുന്നു. അവർ പണിമുടക്കിന്റെ ദേശീയ പ്രാധാന്യത്തെ അവഗണിക്കുകയാണ് ചെയ്തത്.

അതേപോലെ പിണറായി സർക്കാർ കെ റെയിൽ എന്ന പേരിൽ റെയിൽവേ സ്വകാര്യവൽക്കരിക്കാനും പതിനായിരങ്ങളെ കുടിയിറക്കാനുമായി കൊണ്ടുവന്ന പദ്ധതിക്കെതിരെ "ഇരകളായ 'ജനങ്ങൾ പ്രക്ഷോഭത്തിലാണ്.എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം സഖാവ് എസ്.രാജീവൻ ജനറൽ കൺവീനർ ആയ സമിതിയാണ് സമരത്തിന് നേതൃത്വം നൽകുന്നത്. തളരാതെ പൊരുതാൻ കെ റെയിൽ വിരുദ്ധ സമിതികൾക്ക് കരുത്തും ധൈര്യവും പകർന്നു നൽകാൻ നമുക്ക് കഴിയുന്നു.

അങ്ങനെ, എണ്ണിയാലൊടുങ്ങാത്ത ജനവിഭാഗങ്ങൾ ഓരോ ദിനവും ഓരോ സമരമുഖങ്ങളിലേക്ക് ഒഴുകി വന്നുകൊണ്ടിരിക്കുന്നു. മദ്യവിപത്തിനെതിരെ,വിലവർധനവിനെതിരെ സ്ത്രീ പീഡനങ്ങൾക്കെതിരെ, ഫീസ് വർദ്ധനവിനെതിരെ, തൊഴിൽ അവകാശ നിഷേധങ്ങൾക്കെതിരെ, പൗരാവകാശ ധ്വംസനങ്ങൾക്കെതിരെയൊക്കെ ഉയർന്നുവരുന്ന ജനകീയ പ്രതിഷേധങ്ങൾ ഏകോപിപ്പിക്കുക എന്ന ചരിത്രദൗത്യം നിർവഹിക്കാനുള്ള ചുമതലയാണ് നമുക്കിന്ന് നിർവഹിക്കാനുള്ളത്.

ബിപിസിഎൽ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കങ്ങൾക്കെതിരെയുള്ള കാലങ്ങളായി നടക്കുന്ന പ്രക്ഷോഭത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സഖാക്കൾ നിർണായകമായ പങ്ക് വഹിച്ചു പോരുന്നു. ഇപ്പോൾ ബാങ്കിംഗ് സെക്ടർ സ്വകാര്യവൽക്കരണത്തിനെതിരെ ആ മേഖലയിലെ ജീവനക്കാർ,റെയിൽവേ സ്വകാര്യവൽക്കരണത്തിനെതിരെ ആ രംഗത്തെ ജീവനക്കാർ, ആഴക്കടലും തീരക്കടലും തീറെഴുതുന്നതിനെതിരെ തീരദേശവാസികൾ, വിമാനത്താവളവിൽപ്പനയ്ക്ക് എതിരെ എയർപോർട്ട് ജീവനക്കാർ അങ്ങനെ സർവരും പ്രക്ഷോഭ രംഗത്തിറങ്ങാൻ നിർബന്ധിതമായ സാഹചര്യമാണ് ക്രിമിനൽ മൂലധനശക്തികൾ ഓരോ ദിവസവും സൃഷ്ടിച്ചു കൊണ്ടിരിക്കുന്നത്.

കേന്ദ്ര -സംസ്ഥാന ഭരണാധികാരികൾ സൃഷ്ടിച്ച അപകടകരമായ ദേശീയ വിദ്യാഭ്യാസ നയത്തിനെതിരായി വിദ്യാഭ്യാസ സ്നേഹികളുടെ പ്രക്ഷോഭവും ഇതോടൊപ്പം വളർന്നുവരുന്നു. അപ്പോൾ, മേൽ സൂചിപ്പിച്ച പ്രക്ഷുബ്ധമായ മേഖലകൾ വിരൽചൂണ്ടുന്നത് സകലമാന മനുഷ്യരും ജനകീയ സമരത്തിന്റെ വഴിയിൽ ഒത്തുചേരുക എന്നതിന്റെ ആവശ്യകതയിലേക്കാണ്. ഏകോപിതമായ പ്രക്ഷോഭങ്ങളാണ് വരുംനാളുകളിൽ അനിവാര്യമായും ഉയർന്നുവരേണ്ടത്. വേറിട്ട സമര മേഖലകൾ എല്ലായിടത്തും നിത്യവും ഉയർന്നുവരുന്നുണ്ട്. വ്യത്യസ്ത പ്രശ്ന മേഖലകളെയാണ് ആ സമരങ്ങൾ അഭിസംബോധന ചെയ്യുന്നത്. എന്നാൽ,യഥാർത്ഥത്തിൽ എല്ലാ പ്രശ്നങ്ങളുടെയും മൂലകാരണം നമ്മുടെ സമൂഹത്തിലെ മുതലാളിത്ത വ്യവസ്ഥിതി ആണെന്ന കാര്യം പലരും ആഴത്തിൽ മനസ്സിലാക്കുന്നില്ല. ചെറുകിട കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും വ്യവസായ തൊഴിലാളികളുടെയുമെല്ലാം പ്രശ്നങ്ങളുടെ ഉറവിടം ഈ മുതലാളിത്ത ഭരണകൂടമാണ്. ഒരുപിടി വരുന്ന കോർപ്പറേറ്റുകളുടെ താല്പര്യങ്ങൾക്ക് വേണ്ടി രാജ്യത്തെ ബഹുജനങ്ങളെ ബലി കൊടുക്കുക എന്ന ഫാസിസ്റ്റ് നയമേ ഈ വ്യവസ്ഥിതിയിൽനിന്ന് പ്രതീക്ഷിക്കാനാവൂ.

എന്നാൽ കർഷകരും തൊഴിലാളികളും യുവജനങ്ങളും വനിതകളും വിദ്യാർത്ഥികളും ഉൾപ്പെടെയുള്ളവർ ഒറ്റക്കെട്ടായി പൊരുതാൻ ഇറങ്ങിയാൽ ചൂഷക വാഴ്ചയുടെ നെടുംതൂണുകൾ ആടി മറിയുന്നത് കാണാം. ജനാധിപത്യ ബഹുജന പ്രക്ഷോഭങ്ങളിൽനിന്ന് യഥാർത്ഥ കമ്മ്യൂണിസ്റ്റ് കേഡർമാർ ഉയർന്നുവരട്ടെ. ഇതിനകം പാർലമെന്ററി രാഷ്ട്രീയം പതനത്തിന്റെ പടുകുഴിയിൽ വീണു കഴിഞ്ഞു. മറുവശത്ത്, ജനസമര രാഷ്ട്രീയം നാൾക്കുനാൾ ഉദിച്ചുയരുകയും ചെയ്യുന്നു. സമരകാലത്താണ് ജനങ്ങൾ വിശേഷിച്ചും തൊഴിലാളിവർഗ ശ്രേണിയിൽപ്പെട്ടവർ അവരുടെ പ്രസ്ഥാനം ഏതെന്ന് കണ്ടെത്തുന്നത്.ഒപ്പം യഥാർത്ഥ വിപ്ലവശക്തി ഏതെന്ന് ചൂഷിതരായ ഇതര ജനവിഭാഗങ്ങളും തിരിച്ചറിയുന്ന കാലം അകലെയല്ല. ■

# ഫ്രീഡം ഹൗസ്, വി–ഡെം ഇൻസ്റ്റിറ്റ്യൂട്ട് റിപ്പോർട്ടുകൾ ഇന്ത്യൻ ജനാധിപത്യത്തിന്റെ തകർച്ച തുറന്നുകാട്ടുന്നു

**ഇന്ത്യ, ജനാധിപത്യത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണെന്ന് ഭരണകക്ഷി നേതാക്കളും വോട്ടു ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രതിപക്ഷവും വ്യവസ്ഥിതിയുടെ വക്താക്കളുമെല്ലാം ദിനംതോറുമെന്നോണം അലമുറയിട്ടുകൊണ്ടിരിക്കുന്നു. പക്ഷേ, കരുണയില്ലാത്ത മുതലാളിത്ത ചൂഷണ യന്ത്രത്തിനടിയിൽ ഞെരിഞ്ഞമരുന്ന അസംഖ്യം ഇന്ത്യാക്കാർക്ക് അവരുടെ ജീവിതാനുഭവങ്ങൾ കൊണ്ടുതന്നെ എന്തുതരത്തിലുള്ള ജനാധിപത്യമാണിവിടെയുള്ളതെന്ന് മനസ്സിലാക്കാൻ കഴിയും. പാർലമെന്ററി ജനാധിപത്യത്തിന്റെ മുഖം മൂടിയണിഞ്ഞു കൊണ്ട് രാജ്യത്തിനുമേൽ പിടിമുറുക്കിയിരിക്കുന്നത് ഫാസിസ്റ്റ് സ്വേഛാധിപത്യമാണ്.**

### ഫ്രീഡം ഹൗസിന്റെ കണ്ടെത്തലുകൾ

യു.എസ് കേന്ദ്രിതമായ 'ഫ്രീഡം ഹൗസും' സ്വീഡനിലെ വി–ഡെം(V–Dem) ഇൻസ്റ്റിറ്റ്യൂട്ടും പൊതു ഇടത്തിൽ സമർപ്പിച്ച ഏതാനും റിപ്പോർട്ടുകൾ സ്ഥാപിക്കുന്നത് ഇന്ത്യയിലെ ജനാധിപത്യമെന്നത് യഥാർത്ഥത്തിൽ ഒരു ഹാസ്യ ചിത്രം പോലെയായിട്ടുണ്ട് എന്നാണ്.

ആഗോള തലത്തിലെ രാഷ്ട്രീയ സ്വാതന്ത്ര്യത്തെക്കുറിച്ചും മനുഷ്യാവകാശങ്ങളെക്കുറിച്ചും ഗവേഷണം നടത്തുന്ന 'ഫ്രീഡം ഹൗസ്', 'ലോകത്തെ സ്വാതന്ത്ര്യം 2021 – ജനാധിപത്യം ഉപരോധത്തിൽ' എന്ന തലക്കെട്ടോടെ, ആഗോള രാഷ്ട്രീയാവകാശങ്ങളെക്കുറിച്ചും പൗര സ്വാതന്ത്ര്യത്തെക്കുറിച്ചും പ്രസിദ്ധീകരിച്ച ഒടുവിലത്തെ വാർഷിക റിപ്പോർട്ട് പ്രകാരം ഒരു ജനാധിപത്യ വ്യവസ്ഥയും സ്വതന്ത്ര സമൂഹവും എന്ന നിലയിലുള്ള ഇന്ത്യയുടെ സ്ഥാനം താഴേക്കു പോയിരിക്കുന്നു. ആ റിപ്പോർട്ട് ഇന്ത്യയെ 'സ്വതന്ത്ര രാജ്യം' എന്നതിൽ നിന്ന് 'ഭാഗികമായ സ്വാതന്ത്ര്യമുള്ള രാജ്യം' എന്ന നിലയിലേക്ക് താഴ്ത്തിയിരിക്കുന്നു.

ഇന്ത്യയുടെ അടിസ്ഥാന ജനാധിപത്യമൂല്യങ്ങളായ ഉൾക്കൊള്ളലിനെയും എല്ലാവർക്കുമുള്ള തുല്യാവകാശങ്ങളെയും അവഗണിച്ചുകൊണ്ട് മോഡിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാരിന്റെ ഭരണത്തിൻകീഴിൽ, ഹിന്ദു ദേശീയ താല്പര്യങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതായി റിപ്പോർട്ട് സൂചിപ്പിക്കുന്നു. 2014ൽ നരേന്ദ്ര മോഡിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മനുഷ്യാവകാശ പ്രസ്ഥാനങ്ങളുടെ മേലുള്ള വർദ്ധിതമായ സമ്മർദ്ദം, പത്രപ്രവർത്തകരെയും പ്രക്ഷോഭകരെയും ഭയപ്പെടുത്തൽ, സർക്കാരിനെ വിമർശിക്കുന്നവർക്കും മതന്യൂനപക്ഷങ്ങൾക്കും – മുസ്ലീങ്ങൾ – എതിരെയുള്ള തുടർച്ചയായ ആക്രമണങ്ങൾ ഇവയെല്ലാം രാഷ്ട്രീയ, പൗര സ്വാതന്ത്ര്യങ്ങളെക്ഷയിപ്പിക്കുകയും ഇന്ത്യയിൽ സ്വതന്ത്രമായ അഭിപ്രായ പ്രകടനങ്ങളെ ഭീഷണിയിലാക്കുകയും ചെയ്തിരിക്കുന്നതായി റിപ്പോർട്ട് പറയുന്നു. മോഡി – ബിജെപി സർക്കാർ കേന്ദ്രത്തിൽ രണ്ടാം തവണ അധികാരത്തിലെത്തിയതിന് ശേഷമാണ് ജനാധിപത്യ നിലവാരത്തിലെ ഈ തകർച്ചയ്ക്ക് വേഗം കൂടിയതെന്നും റിപ്പോർട്ട് തുടർന്നുപറയുന്നു. മോഡിസർക്കാരും അതിന്റെ ഉപദേഷ്ടാക്കളായ ആർഎസ്എസ് – സംഘപരിവാറും സാമ്പത്തികമായും സാമൂഹികമായും അരികുവല്കരിക്കപ്പെട്ട മുസ്ലീങ്ങളെയും ദളിത് വിഭാഗങ്ങളെയും ആദിവാസികളെയും ബാധിക്കുന്ന വിവേചനപരമായ നയങ്ങളും വർദ്ധിതമായ ആക്രമണങ്ങളുമായി മുന്നോട്ടു പോകുന്നതിനെ തുർന്നാണിങ്ങനെ സംഭവിക്കുന്നത്. ലോകമെമ്പാടുമുള്ള മുതലാളിത്ത രാജ്യങ്ങൾ വിശിഷ്യാ സാമ്രാജ്യത്വ ശക്തികൾ, കൂട്ടത്തിലൂന്നിപ്പറഞ്ഞാൽ ലോകമുതലാളിത്ത–സാമ്രാജ്യത്വത്തിന്റെനേതൃത്വത്തിലുള്ള യുഎസ് എയും അതിന്റെ ഏറ്റവുമടുത്ത മുതലാളിത്ത – സാമ്രാജ്യത്വ മിത്രവും ഉയർന്നുവരുന്ന ഒരു വൻശക്തിയുമായ ഇന്ത്യയും ജനാധിപത്യമൂല്യങ്ങൾക്ക് തരിമ്പും വിലകല്പിക്കാതിരിക്കുക വഴി ആഗോള ജനാധിപത്യ സ്ഥാപനങ്ങളുടെ ആപൽക്കരമായ അപചയത്തിന് വഴിവയ്ക്കുകയും വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങളും സ്വതന്ത്രമായ അഭിപ്രായപ്രകടനങ്ങളുമുൾപ്പടെയുള്ള മനുഷ്യാവകാശങ്ങൾക്കും പൗര സ്വാതന്ത്ര്യത്തിനും കനത്ത പ്രഹരമേല്പിക്കുകയും ചെയ്യുന്നുവെന്നും റിപ്പോർട്ട് വെളിവാക്കുന്നു.

"ഉത്തർപ്രദേശിലെ പ്രമുഖപള്ളിയായ ബാബറി മസ്ജിദ് നിയമവിരുദ്ധമായി തകർക്കുന്നതിന് നേതൃത്വം കൊടുത്തവരെന്ന് കുറ്റം ചാർത്തപ്പെട്ട 32 പേരെ, അവരുടെ കുറ്റകൃത്യത്തെ സാധൂകരിക്കുന്ന തെളിവുകളുണ്ടായിട്ടും കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ പ്രത്യേക കോടതി കുറ്റവിമുക്തരാക്കി. അങ്ങനെ വെറുതെ വിട്ടവരിൽ വളരെ പ്രമുഖരായ ബിജെപി നേതാക്കളും ഉൾപ്പെടുന്നു. ഇതിനും ഒരു മാസം മുമ്പ്, നീണ്ട കാലത്തെ കാത്തിരിപ്പിനൊടുവിൽ 2019ൽ വന്ന സുപ്രീംകോടതിവിധി, പള്ളി നിന്ന സ്ഥലത്ത് ഒരമ്പലം പണിയാനുമതി കൊടുത്തതിനുശേഷം മോഡി ഒരു പുതിയ ക്ഷേത്രത്തിനു തറക്കല്ലിടുകയും ചെയ്തു. നിയമവിരുദ്ധമായ തകർക്കലിനു മുമ്പ് നൂറ്റാണ്ടുകളായി പ്രസ്തുത സ്ഥലത്ത് പള്ളി നിലകൊള്ളുന്നുണ്ടായിരുന്നു", അയോദ്ധ്യയിലെ രാമക്ഷേത്രനിർമ്മാണത്തെക്കുറിച്ച ഫ്രീഡം ഹൗസ് റിപ്പോർട്ട് പറയുന്നു. കൊറോണ വൈറസ് വ്യാപനത്തെ നിയന്ത്രിക്കാനായി ഏർപ്പെടുത്തിയ ചിന്താശൂന്യമായ ദേശീയ അടച്ചിടലിനെക്കുറിച്ചും റിപ്പോർട്ട് പറയുന്നുണ്ട്. നഗരങ്ങളിൽ അടിസ്ഥാന ജീവനോപാധികളും സേവനങ്ങളും പ്രാപ്യമല്ലാതിരുന്നതിനാൽ ഈ അടച്ചിടലിൽ അനേകം തൊഴിലാളികൾ നൂറു കണക്കിനു മൈലുകൾ നടന്നു പോകാൻ നിർബ്ബന്ധിതരായി.

### വി–ഡെം ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെളിപ്പെടുത്തലുകൾ

ഫ്രീഡം ഹൗസ് റിപ്പോർട്ടിന് വളരെയൊന്നും മുമ്പല്ലാതെ, സ്വീഡൻ ആസ്ഥാനമായ വെറൈറ്റീസ് ഓഫ് ഡമോക്രസി ഇൻസ്റ്റിറ്റ്യൂട്ട് (വി–ഡെം) നടത്തിയ ഒരു വിശകലനാത്മക ഗവേഷണത്തിന്റെ കണ്ടെത്തലിൽ പറയുന്നത്, ഇന്ത്യ 'തിരഞ്ഞെടുപ്പിലൂടെയുള്ള സ്വേഛാധിപത്യം' എന്ന നിലയിലേക്കെത്തിയിരിക്കുന്നുവെന്നും ഭരിക്കുന്ന ബിജെപി 'സ്വേഛാധിപത്യത്തിലെ ലക്ഷണമൊത്ത ഭരണപാർട്ടി'യ്ക്കു സമാനമായിട്ടുണ്ടെന്നുമാണ്. ഈ ഗവേഷണ സ്ഥാപനത്തിന്റെ അഭിപ്രായപ്രകാരം നരേന്ദ്ര മോഡി പ്രധാനമന്ത്രി ആയതിനുശേഷം സെൻസർഷിപ്പ് ശ്രമങ്ങൾ ഒരു പതിവു നടപടിയായിട്ടുണ്ടെന്നും അവ സർക്കാർ കാര്യങ്ങളിൽമാത്രം ഒതുങ്ങുന്നില്ല എന്നുമാണ്. 2019ൽ ഭേദഗതി ചെയ്ത യുഎപിഎ നിയമം രാഷ്ട്രീയ എതിരാളികളെയും സർക്കാർ നയങ്ങൾക്കെതിരെ പ്രതിഷേധിക്കുന്നവരെയും പീഡിപ്പിക്കാനും ഭയപ്പെടുത്താനും ജയിലിലടയ്ക്കാനുംവരെ ഉപയോഗിക്കുന്നു. "അക്കാദമിക് രംഗത്തുള്ളവരുടെ ഭിന്നാഭിപ്രായങ്ങളെ നിശ്ശബ്ദമാക്കാനും യുഎപിഎ ഉപയോഗിക്കുന്നു" എന്നും ഇതു പറയുന്നു. "പൗരത്വ ഭേദഗതി നിയമത്തിനെതിരെ പ്രതിഷേധിച്ച വിദ്യാർത്ഥികളെയും പ്രക്ഷോഭകരെയും യൂണിവേഴ്സിറ്റികളും അധികാരികളും ശിക്ഷിച്ചിട്ടുണ്ട്. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായി പറയപ്പെടുന്ന രാജ്യത്തെ 'തിരഞ്ഞെടുപ്പിലൂടെയുള്ള സർവ്വാധിപത്യത്തിലേക്ക് ' അധഃപതിപ്പിക്കുന്ന കാര്യങ്ങളിൽ ഈ സംഭവങ്ങളുമുൾപ്പെടുന്നുണ്ട്", റിപ്പോർട്ട് പറയുന്നു. 2014ന് ശേഷം ദേശദ്രോഹം ചുമത്തിയുള്ള കേസുകൾ ക്രമരഹിതമായി വർദ്ധിക്കുന്നതായും റിപ്പോർട്ട് സൂചിപ്പിക്കുന്നു.

പ്രതിഷേധങ്ങൾക്കെതിരെയുള്ള അടിച്ചമർത്തലും അന്വേഷണ ഏജൻസികളുടെ ദുരുപയോഗവും അവലംബിക്കുകയാണ് മോഡി സർക്കാർ. ജനാധിപത്യത്തിന് നേരെയുള്ള വർദ്ധിതമായ ഉദാസീനതയ്ക്ക് രണ്ടു ഘടകങ്ങൾ കാരണമാകുന്നുവെന്ന് റിപ്പോർട്ട് ആനുഷംഗികമായി സൂചിപ്പിക്കുന്നുണ്ട്. ഒന്നാമതായി, ജനപ്രിയ ദേശീയവാദം ആധിപത്യമുറപ്പിക്കുകയും തെരഞ്ഞെടുപ്പു കാലത്തു ഭരണകർത്താക്കൾ പ്രീണനങ്ങളും ആനുകൂല്യങ്ങളും ചൊരിയുകയും ചെയ്യുമ്പോൾ ജനാധിപത്യത്തെക്കുറിച്ച് ചിന്തിക്കാനും ഉത്തരവാദിത്തമുള്ളവരാകാൻ നേതാക്കളെ നിർബ്ബന്ധിക്കാനും ആരാണ് ശ്രദ്ധിക്കുന്നത്? വീണ്ടും, പൊതു ജീവിതം അങ്ങേയറ്റം ധ്രുവീകരിക്കപ്പെടുമ്പോൾ, സ്വാതന്ത്ര്യത്തിന് സംഭവിക്കുന്ന അപകടമെന്തെന്നതിനെക്കുറിച്ച് ഒരു യോജിപ്പിലെത്തുക ഏറെക്കുറെ അസാദ്ധ്യമായി മാറുകയും ചെയ്യും. പ്രണയബന്ധത്തിലും വിവാഹത്തിലുമുള്ള വ്യക്തിസ്വാതന്ത്ര്യത്തെ അടിസ്ഥാനപരമായി തടയുന്ന 'ലവ് ജിഹാദ് നിയമ'ത്തെക്കുറിച്ചും റിപ്പോർട്ട് സൂചിപ്പിക്കു ന്നുണ്ട്. മോഡി സർക്കാരിന്റെ സ്വേഛാധിപത്യത്തിനെതിരെ അന്താരാഷ്ട്ര സ്ഥാപനങ്ങൾ ആഞ്ഞടിക്കുമ്പോൾ ബിജെപി സർക്കാർ പ്രകടമായ കാരണങ്ങൾ കൊണ്ടുതന്നെ അത്തരം റിപ്പോർട്ടുകൾക്കെതിരെ ശകാരം ചൊരിയുകയാണ്. അത്ഭുതമൊന്നുമില്ല, അഭിപ്രായസ്വാതന്ത്ര്യം പോലുള്ള കാര്യങ്ങളിൽ, പ്രത്യേകിച്ച് നിയമവാഴ്ച്ചയുടെ കാര്യത്തിൽ ഇന്ത്യയുടെ നില യുഎസ്എയുടെതിനേക്കാൾ താഴെയാണെന്നും മേൽപ്പറഞ്ഞറിപ്പോർട്ടുസൂചിപ്പിക്കുന്നുണ്ട്. (സ്വന്തം തോന്നലിനനുസരിച്ച് നിയമവാഴ്ച്ചയെ വളച്ചൊടിക്കാൻ ശ്രമിച്ച മുൻ പ്രസിഡന്റ് ട്രംപിന്റെ വെറിപിടിച്ച ശ്രമങ്ങൾ പരാജയപ്പെട്ടതെങ്ങനെയെന്ന് സമീപകാല സംഭവങ്ങളിൽ വെളിപ്പെട്ടതുപോലെ).

### ഇത്തരം ദുർവൃത്തികൾ തെരഞ്ഞെടുപ്പുകളിൽ തിരിച്ചടി നേരിടുന്നില്ല

ജനാധിപത്യത്തിന്റെ ഈ ചിട്ടയായ സമ്പൂർണ്ണനശീകരണം തെരഞ്ഞെടുപ്പുഫലങ്ങളെ സ്വാധീനിക്കുന്നില്ല എന്നതിലും ബിജെപി രണ്ടാമതും അധികാരത്തിലെത്തിയെന്നതിലും വി–ഡെം റിപ്പോർട്ട് അത്ഭുതം കൊള്ളുന്നുണ്ട്. അവർക്ക് സത്യത്തിലേക്കെത്താൻ കഴിയാത്തതിവിടെയാണ്. തിരഞ്ഞെടുപ്പിലൂടെയുള്ള ഒരു സ്വേഛാധിപത്യമായി മാറാൻ പാകത്തിൽ ജനാധിപത്യത്തെ കശാപ്പ് ചെയ്യുമ്പോൾ എങ്ങനെയാണ് തെരഞ്ഞെടുപ്പുകൾ സ്വതന്ത്രവും നീതിപൂർവ്വവുമാകുക? അതോ, പണവും പേശീബലവും മാധ്യമങ്ങളെയും ഉപയോഗിച്ചുകൊണ്ട് അധികാരത്തിലിരിക്കുന്നവരുടെ ഇംഗിതങ്ങൾക്കനുസരിച്ച് അവ സ്വാധീനിക്കപ്പെടുന്നതോ? തെരഞ്ഞെടുപ്പു കൃത്രിമം എന്നതു മുതലാളിത്ത രാജ്യങ്ങളിലെ ഒരു ആഗോള പ്രതിഭാസം തന്നെയായിട്ടുണ്ട്. റിമോട്ട് കൺട്രോൾ വഴിയും മുൻകൂട്ടി തയാറാക്കപ്പെട്ട പ്രോഗ്രാമുകൾ സ്ഥാപിച്ചുമെല്ലാം തെരഞ്ഞെടുപ്പുഫലങ്ങളെ അട്ടിമറിക്കുന്ന സൈബർകുറ്റകൃത്യങ്ങളെക്കുറിച്ചുള്ള ആരോപണങ്ങളുമുണ്ട്. ഇന്ത്യയും അതിനൊരപവാദമല്ല. തെരഞ്ഞെടുപ്പുകാലത്ത് വ്യവസ്ഥിതിയുടെ സംരക്ഷകരായ പാർട്ടികളുടെ ബലാൽക്കാരേണയുള്ള അധികാര പ്രയോഗത്തോട് സാധാരണക്കാർ ഇക്കാലങ്ങളിലൂടെ പൊരുത്തപ്പെട്ട് വരികയും ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിൽ കൃത്രിമം കാട്ടി ജനഹിതത്തെ അട്ടിമറിക്കുന്നതിനോട് പരിചിതരാകുകയും ചെയ്തിരിക്കുന്നു. നിയമാനുസൃതം രൂപീകരിക്കപ്പെട്ട സ്ഥാപനമായ തെരഞ്ഞെടുപ്പ് കമ്മീഷൻ എങ്ങനെ ഭരണകക്ഷിയുടെ വാക്കുകളുരുവിടുന്നവരായും അവരുടെ ചൊൽപ്പടിക്ക് വിധേയരായി പ്രവർത്തിക്കുന്നവരായും മാറുന്നുവെന്നതും ജനങ്ങൾ കണ്ടു കൊണ്ടിരിക്കുകയാണ്. ഇത്തരം തെരഞ്ഞെടുപ്പ് പ്രഹസനങ്ങൾക്ക് പ്രതിവിധിയൊന്നും കാണാത്തതിനാലും തെരഞ്ഞെടുപ്പുപ്രക്രിയയിലും അതു നടത്തുന്നവരിലുമുള്ള അപചയത്തിന്റെ കാരണം മനസ്സിലാക്കാനാവശ്യമായ രാഷ്ട്രീയ ബോധത്തിന്റെ ദയനീയമായ അഭാവത്താലും, വലിയൊരളവിൽ അവർ തെരഞ്ഞെടുപ്പുകളോട് വിമുഖരായിരിക്കുന്നു. മറിച്ച്, ദുരിതവും ദാരിദ്ര്യവുംകൊണ്ട് വശപ്പെട്ട ജനങ്ങൾ തങ്ങൾക്ക് ഇല്ലായ്മയും നിരാസവും വിവേചനവുമല്ലാതെ യാതൊന്നും ലഭിക്കാനില്ല എന്ന് ചിന്തിക്കുകയും ചെയ്യുന്നു. അതുകൊണ്ട് തിര

(ശേഷം 6–ാം പേജിൽ)

# കേന്ദ്രഭരണത്തെ നയിക്കുന്ന ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിലെ സ്ഥിതി

## ഉത്തർപ്രദേശ്

**1. തൊഴിലില്ലായ്മയും തൊഴിൽനഷ്ടവും**

● രാജ്യത്ത് ഏറ്റവുമധികം ജനസംഖ്യയുള്ള സംസ്ഥാനമാണ് ഉത്തർപ്രദേശ്. 2018 നെ അപേക്ഷിച്ച് ഒരുവർഷംകൊണ്ട് അവിടെ തൊഴിലില്ലായ്മ ഏതാണ്ട് ഇരട്ടിയായതായി *സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കോണമിയുടെ* പഠനം വ്യക്തമാക്കുന്നു. (ഔട്ട്‌ലുക്ക്, 1-11-2020)

● അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ എണ്ണം രണ്ടുവർഷംകൊണ്ട് 12.5 ലക്ഷം വർദ്ധിച്ച് 34 ലക്ഷമായതായി 2020 ഫെബ്രുവരി 14ന് യോഗി ആദിത്യനാഥ് ഗവണ്മെന്റ് അസംബ്ലിയിൽ സമ്മതിച്ചു. (ബിസിനസ് ടുഡെ, 27-3-2020)

**2. പരിസ്ഥിതി മലിനീകരണം**

● രാജ്യത്ത് 275 വ്യവസായ യൂണിറ്റുകൾ, അതായത് ഏതാണ്ട് 11 ശതമാനം, മലിനീകരണ നിയന്ത്രണ ചട്ടങ്ങൾ പാലിക്കാതെയാണ് പ്രവർത്തിക്കുന്നത്. ഇതിൽ പകുതിയും ഉത്തർപ്രദേശിലാണ്. ഗംഗാനദി ഉൾപ്പെടെ ഇവ മലിനമാക്കുന്നു. ഗംഗയുടെയും അതിന്റെ പോഷകനദികളുടെയും തീരത്തുള്ള 992 വ്യവസായശാലകളിൽ 851 എണ്ണവും യുപിയിലാണ്. (ഡൗൺ ടു എർത്ത്, 6-6-19)

**3. ദാരിദ്ര്യവും പട്ടിണിയും**

● 29.43% ജനങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. അതായത് വാർഷിക വരുമാനം 27,000 രൂപയിൽ താഴെ. (നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ, 31-12-19)

● 62 ശതമാനം കുടുംബങ്ങളുടെയും വരുമാനത്തിൽ ലോക്ഡൗൺ കാലത്ത് ഇടിവുണ്ടായി. മുസാഹരിപോലുള്ള ദുർബല ജനവിഭാഗങ്ങളുടെ സ്ഥിതി ആശങ്കാജനകമായി. ഇവർ നിലനില്പിനായി കോഴിത്തൂവൽപോലും ഭക്ഷണമാക്കുന്നു. (കൗണ്ടർ വ്യൂ, 10-12-20)

**4. വിദ്വേഷ കുറ്റകൃത്യങ്ങൾ**

● ദലിതർ അടക്കമുള്ള ദുർബല ജനവിഭാഗങ്ങൾക്കുമേൽ വിദ്വേഷത്തിന്റെ പേരിൽ 200 കുറ്റകൃത്യങ്ങൾ നടന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. തുടർച്ചയായി മൂന്നുവർഷവും ഉത്തർപ്രദേശ് ഇക്കാര്യത്തിൽ ഒന്നാമതാണ് എന്ന് ആംനസ്റ്റി ഇന്ത്യ റിപ്പോർട്ട് ചെയ്യുന്നു. (ദ ഫസ്റ്റ് പോസ്റ്റ്, 6-3-19)

● ദലിതർക്കും ന്യൂനപക്ഷങ്ങൾക്കും മേലുള്ള അധിക്ഷേപത്തിന്റെ ആസ്ഥാനവും ഉത്തർപ്രദേശ് തന്നെ. ആൾക്കൂട്ട കൊലപാതകങ്ങൾ ഉൾപ്പെടെ ഇത്തരം 2008 കേസുകളാണ് ദേശീയ മനുഷ്യാവകാശ കമ്മീഷൻ രജിസ്റ്റർ ചെയ്തത്. ഇതിൽ 869 കേസുകളും, അതായത് 43 ശതമാനം ഉത്തർപ്രദേശിലാണ്.

● ഉത്തർപ്രദേശിൽ ദലിതർക്കുമേലുള്ള അതിക്രമങ്ങൾ (2016-17ൽ 221 ആയിരുന്നത് 18-19ൽ 311 ആയി) 45 ശതമാനം വർദ്ധിച്ചതായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം പാർലമെന്റിൽ 2020 ജൂലൈ 16ന് രേഖാമൂലം നൽകിയ മറുപടിയിൽ പറയുന്നു. (ഇന്ത്യ ടുഡെ, 20-7-2019)

**5. സ്ത്രീകൾക്കുമേലുള്ള കുറ്റകൃത്യങ്ങൾ**

● നാലുവർഷംകൊണ്ട് 66 ശതമാനം വർദ്ധനയുണ്ടായി. (സ്ക്രോൾ ഡോട്ട് ഇൻ, 11-10-20)

● 2016നും 19 നുമിടക്ക് സ്ത്രീകൾക്കു നേരെയുള്ള കുറ്റകൃത്യങ്ങൾ 20 ശതമാനം വർദ്ധിച്ചതായി നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ പറയുന്നു.

● യുപിയിൽ 2019ൽ 3065 ബലാൽസംഗ കേസുകൾ ഉണ്ടായി. (സീ ന്യൂസ്, 7-10-20)

● യുപിയിൽ ദിവസേന ശരാശരി 11 ബലാൽസംഗക്കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു. (സീന്യൂസ്, 7-10-20)

● 2018ൽ യുപിയിൽ രേഖപ്പെടുത്തിയത് 21711 തട്ടിക്കൊണ്ടുപോകലും 8908 ലഹളകളും 3218 കൊള്ളകളുമാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി അക്രമങ്ങളും കുറ്റകൃത്യങ്ങളുമൊക്കെ പെരുകിക്കൊണ്ടിരിക്കുകയാണ്. (ഹിന്ദുസ്ഥാൻ ടൈംസ്, 10-1-20)

● 2017ൽ 2,524 സ്ത്രീധനമരണങ്ങളും 4,324 കൊലപാതകങ്ങളുമായി യുപി ഒന്നാമത് നിൽക്കുന്നുവെന്നാണ് ക്രൈംറെക്കോഡ്സ്ബ്യൂറോ പറയുന്നത്. (ടൈംസ് ഓഫ് ഇന്ത്യ, 23-10-19)

● സ്ത്രീകൾക്കും പെൺകുഞ്ഞുങ്ങൾക്കും നേരെയുള്ള കുറ്റകൃത്യങ്ങളുടെ കാര്യത്തിലും യുപി ഒന്നാമതാണ്. (ടൈംസ് ഓഫ് ഇന്ത്യ, 31-10-20)

● സ്ത്രീകൾക്ക് ഏറ്റവും സുരക്ഷിതത്വം കുറഞ്ഞ സംസ്ഥാനമാണ് യുപി എന്ന് രേഖപ്പെടുത്തിയത് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന് കീഴിലുള്ള ക്രൈം റെക്കോഡ്സ് ബ്യൂറോ തന്നെയാണ്. (ന്യൂസ് ക്ലിക്, 10-1-20)

● യുപിയിലാണ് ഏറ്റവും കൂടുതൽ സ്ത്രീധനമരണങ്ങൾ നടന്നത് - 11,800. (റീഡിഫ് ഡോട്ട്കോം, 31-1-19)

**6. ഏറ്റുമുട്ടൽ കൊല**

● കഴിഞ്ഞ രണ്ടുവർഷത്തിലേറെക്കാലത്ത് നടന്ന 5178 പോലീസ് ഇടപെടലുകളിൽ 103 കുറ്റവാളികൾ കൊല്ലപ്പെടുകയും 1859 പേർക്ക് പരുക്കേൽക്കുകയും ചെയ്തതായി യുപി പോലീസ് ട്വീറ്റ് ചെയ്തു.

● 2017ൽ യോഗി ആദിത്യനാഥ് ഗവണ്മെന്റ് അധികാരമേറ്റശേഷം ഏറ്റുമുട്ടൽ കൊലകൾ കുതിച്ചുയർന്നതായി പോലീസ് നിരീക്ഷിക്കുന്നു. അധികാരമേറ്റ് ഒരുമാസം കഴിഞ്ഞപ്പോൾ യോഗി പറഞ്ഞത് കുറ്റംചെയ്യുന്നവരെ തട്ടിക്കളയുമെന്നാണ്.

● ഏറ്റുമുട്ടൽ കൊലകളിൽ നിയമവിദഗ്ദ്ധരും പ്രതിപക്ഷപാർട്ടികളും മനുഷ്യാവകാശ പ്രവർത്തകരും ആശങ്ക പ്രകടിപ്പിക്കുകയും അവ ദുർബല ജനവിഭാഗങ്ങളെ ഉന്നം വച്ചുള്ളതാണെന്ന് ആരോപിക്കുകയുംചെയ്തു. എന്നിട്ടും ആദിത്യനാഥ് ഗവണ്മെന്റിന് ഒരു കുലുക്കവുമില്ല. (ദ വീക്ക്, 6-12-2019)

● കൊള്ളത്തലവൻ വികാസ് ദുബേയുടെ ഏറ്റുമുട്ടൽ കൊല ഭൂതത്തെ കുടത്തിൽനിന്ന് തുറന്നുവിട്ടതുപോലെയായിരുന്നു.

● പോലീസ് കസ്റ്റഡിയിൽനിന്ന് രക്ഷപ്പെടാൻശ്രമിച്ചപ്പോൾകൊന്നു എന്ന പോലീസ്ഭാഷ്യം സംശയമുണർത്തുന്നതാണ്. യോഗി ആദിത്യനാഥിന്റെ നിലപാടാണ് ഇത്തരം കൊലകൾ കൂടാൻ കാരണമെന്ന് പ്രതിപക്ഷം.

● ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള, ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങൾ നടക്കുന്ന സംസ്ഥാനത്തിന്റെ അധികാരമേറ്റയുടനെ യോഗിപറഞ്ഞത് കുറ്റംചെയ്യുന്നവരെ വകവരുത്തുമെന്ന കുപ്രസിദ്ധ പ്രഖ്യാപനമായിരുന്നു. 2017 ജൂണിൽ ഇന്ത്യാ ടിവിക്ക് നൽകിയ അഭിമുഖത്തിലാണ് മുഖ്യമന്ത്രി ഇത് പറഞ്ഞത്.

● ഏറ്റുമുട്ടൽ മരണംനടന്ന 74 കേസുകളിൽ കോടതി നടത്തിയ അന്വേഷണത്തിൽ പോലീസിന് ക്ലീൻചിറ്റ് കിട്ടി. 61 കേസുകൾ അവസാനിപ്പിക്കാൻ പോലീസ് നൽകിയ അപേക്ഷയും കോടതി അംഗീകരിച്ചു. (ഫസ്റ്റ് പോസ്റ്റ്, 12-7-20)

**7. കസ്റ്റഡിമരണങ്ങളും തടവുകാരുടെ എണ്ണത്തിലെ വർദ്ധനയും**

● കേന്ദ്ര ആഭ്യന്തര മന്ത്രാലയം പാർലമെന്റിൽ അവതരിപ്പിച്ച കണക്കുപ്രകാരം ഇന്ത്യയിൽ 2019-20ൽ ദിനംപ്രതി 5 കസ്റ്റഡി മരണങ്ങൾ ഉണ്ടാകുന്നുണ്ട്. കസ്റ്റഡിയിലും ജയിലിലുമായി ഒരു വർഷം 1697 പേർ മരിച്ചു. ഇതിൽ 1584 പേർ ജുഡീഷ്യൽ കസ്റ്റഡിയിലും 113 പേർ പോലീസ് കസ്റ്റഡിയിലുമാണ്. ഇതിൽ ഏറ്റവുമധികം പേർ ജുഡീഷ്യൽ കസ്റ്റഡിയിൽ മരിച്ചത് യുപിയിലാണ്, 400 പേർ.

● യുപിയിലെ 72 ജയിലുകളുടെ ഉൾക്കൊള്ളൽ ശേഷി 60,340 ആണ്. എന്നാൽ രാജ്യത്ത് ഏറ്റവും ഉയർന്ന സംഖ്യയായ 1,01,297 ജയിൽപുള്ളികൾ ഇവിടെയുണ്ട്. (ഹിന്ദുസ്ഥാൻ ടൈംസ്, 17-4-2020

**8. മാദ്ധ്യമപ്രവർത്തകർക്ക് നേരെയുള്ള ആക്രമണം**

● മാർച്ച് 24ന് പ്രധാനമന്ത്രി ലോക്ഡൗൺ പ്രഖ്യാപിച്ചു. രണ്ടുദിവസം കഴിഞ്ഞ് ഹിന്ദി ദിനപത്രമായ ജനസന്ദേശ് ടൈംസിൽ ഒരു വാർത്തവന്നു. വാരണാസിയിൽ ഒരു ആദിവാസി വിഭാഗം പൊട്ടന്നനെയുള്ള ലോക്ഡൗൺമൂലം ഭക്ഷണം കിട്ടാതെ വലയുകയും കുഞ്ഞുങ്ങൾ പുല്ലുതിന്നുകയും ചെയ്യുന്നു എന്നായിരുന്നു വാർത്ത. അന്നുതന്നെ വാരണാസി ജില്ലാ കളക്ടർ കൗശൽരാജ് ശർമ്മ പത്രത്തിന് വക്കീൽ നോട്ടീസയച്ചു. റിപ്പോർട്ട് ഭാഗികമായി കളവാണെന്നും വികാരമിളക്കിവിടാൻ ഉദ്ദേശിച്ചുള്ളതാണെന്നുമായിരുന്നു കളക്ടറുടെ ആരോപണം.

● തലസ്ഥാനമായ ലക്നൗവിൽ നിന്ന് 170 മൈൽ അകലെയുള്ള അസംഗറിൽ സെപ്റ്റംബർ 7ന് ജൻസന്ദേശ് ടൈംസ് ലേഖകൻ സന്തോഷ് ജയ്സ്വാൾ അറസ്റ്റുചെയ്യപ്പെട്ടു. ഒരു സ്കൂളിലെ കുട്ടികൾ പരിസരം വൃത്തിയാക്കാൻ നിർബന്ധിക്കപ്പെടുന്നു എന്ന റിപ്പോർട്ടിനെത്തുടർന്നായിരുന്നു അറസ്റ്റ്. ലക്നൗവിൽ നിന്ന് 180 മൈൽ അകലെയുള്ള മിർസാപൂരിൽ ഒരു സ്കൂളിൽ വിതരണംചെയ്യുന്ന ഉച്ചഭക്ഷണം സർക്കാർ നിശ്ചയിച്ച നിലവാരമില്ലാത്തതാണെന്ന് റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് പവൻ ജയ്സ്വാൾ എന്ന ലേഖകന്റെമേൽ ആഗസ്റ്റ് 31ന് ക്രിമിനൽ ഗൂഢാലോചന കുറ്റംചുമത്തി. മൂന്ന് മാസത്തേയ്ക്ക് ഈ പത്രത്തിന് സർക്കാർ പരസ്യങ്ങൾ നിഷേധിക്കുകയും ചെയ്തു.

● 2019ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ യുപിയിൽ ബിജെപിക്ക് ഭൂരിപക്ഷം സീറ്റുകളും നേടാൻ കഴിഞ്ഞതോടെ ഇത്തരം നടപടികൾ പെരുകുകയുണ്ടായി. ഫെബ്രുവരി അവസാനവും മാർച്ച് ആദ്യവുമൊക്കെ ഉത്തർപ്രദേശ് സന്ദർശിച്ച മാദ്ധ്യമ പ്രവർത്തകർ, മാദ്ധ്യമപ്രവർത്തകർക്ക് സംരക്ഷണം നൽകാനുള്ള കമ്മിറ്റി മുമ്പാകെ വെളിപ്പെടുത്തിയത് അവർ ക്രിമിനൽ കേസുകളിൽ പ്രതിയാക്കപ്പെടുമെന്നും ആക്രമിക്കപ്പെടുമെന്നുമുള്ള ഭീതിയിലാണ് കഴിയുന്നതെന്നും അതുമൂലം സ്വയം ഒരു സെൻസർഷിപ്പിന് വിധേയരാകുകയാണ് എന്നുമത്രെ.

● ലോക്ഡൗൺ കാലയളവ് പത്ര

(ശേഷം 7-ാം പേജിൽ)

(5-ാം പേജിൽ നിന്ന്)

ഞെടുപ്പിന്റെ മണികിലുക്കം കേൾക്കുകയും ബൂർഷ്വാ പാർലമെന്ററി പാർട്ടികൾ പണമോ രണ്ട് നേരത്തെ ആഹാരമോ ആനുകൂല്യങ്ങളോ വാഗ്ദാനം ചെയ്യുമ്പോൾ അവരത് സ്വീകരിച്ചുകൊണ്ട് ആ പാർട്ടികളുടെ പിന്നിലണിനിരക്കുകയും ചെയ്യുന്നു. തങ്ങളുടെ ദുസ്ഥിതിയ്ക്കും ദുരിതത്തിനും നിസ്സഹായാവസ്ഥയ്ക്കുംമേൽ താണ്ഡവമാടിക്കൊണ്ട് സമ്പത്തും അധികാരവും നേടിയെടുക്കാനായി ഈ വോട്ടുതേടിപ്പക്ഷികളുടെ ഭാഗത്തു നിന്നുണ്ടാകുന്ന കുറ്റകരമായ കൈക്കൂലിയാണിവയെന്നതോ പോകട്ടെ, വഞ്ചനയുടെ ഉയർന്ന രൂപമാണെന്ന വസ്തുതപോലും മനസ്സിലാക്കാതെയാണവരിത് ചെയ്യുന്നത്.

### ബൂർഷ്വാ ജനാധിപത്യത്തിന്റെ അപചയം അനിവാര്യമാണ്

ചൂഷണാധിഷ്ഠിതമായ മുതലാളിത്ത വ്യവസ്ഥയുടെ പ്രവർത്തന നിയമങ്ങൾക്കനുസരിച്ച് ലോക മുതലാളിത്തം പരിഹരിക്കാനാകാത്ത പ്രതിസന്ധിയുടെ ആഴങ്ങളിലേക്ക് നിപതിച്ചിരിക്കുമ്പോൾ മുതലാളിത്തത്തിന്റെ ഉപരിഘടന എന്ന നിലയിൽ പാർലമെന്ററി ജനാധിപത്യവും ജീർണ്ണിക്കാതെ വയ്യ എന്ന സത്യം അടിച്ചമർത്തപ്പെടുന്ന അദ്ധ്വാന വർഗ്ഗവും കർഷകരും പണിയെടുക്കുന്ന മറ്റു വിഭാഗം ജനങ്ങളും ഉൾക്കൊള്ളേണ്ടതാണ്. അഴുകിയ ബൂർഷ്വാ ജനാധിപത്യത്തിൽ പ്രതീക്ഷയർപ്പിക്കുക എന്നത് മൂഢതയുടെ പാരമ്യമായിരിക്കും. ഭരിക്കുന്ന മുതലാളി വർഗ്ഗം തങ്ങളുടെ മരണമടുത്തതും ജീർണ്ണിച്ചതുമായ ഭരണത്തിന് ആയുസ്സ് നീട്ടിയെടുക്കാനായി പാർലമെന്ററി ജനാധിപത്യത്തിന്റെ എല്ലാ അന്തഃസത്തയും ഇല്ലായ്മ ചെയ്യുകയും ജനങ്ങളുടെ എല്ലാ ജനാധിപത്യാവകാശങ്ങളും നിഷേധിക്കുകയും ജനാധിപത്യ രീതികളെയും മൂല്യങ്ങളെയും കീഴ്‌വഴക്കങ്ങളെയും കാൽക്കീഴിൽ ഞെരിക്കുകയും ചെയ്യും. വി - ഡെം റിപ്പോർട്ടും ഫ്രീഡം ഹൗസ് റിപ്പോർട്ടും ഈ യാഥാർത്ഥ്യത്തെ സാധൂകരിക്കുകയാണ് ചെയ്യുന്നത്. പക്ഷേ ജനാധിപത്യത്തിന്റെ അപചയത്തിനുപിന്നിലുള്ള സുനിശ്ചിതമായ കാരണത്തിലേക്കവർ ശ്രദ്ധ കേന്ദ്രീകരിക്കുന്നില്ല. നമുക്കറിയാം; അവർക്കതിന് കഴിയില്ല. കാരണം മുതലാളിത്തത്തിനപ്പുറത്തേക്ക് ചിന്തിക്കാനവർക്ക് കഴിയില്ല. പക്ഷേ മുതലാളിത്തത്തിന്റെ ചട്ടക്കൂട്ട് നിലനില്ക്കെ, ജനാധിപത്യത്തിന്റെ ഈ കീഴ്മേൽമറിച്ചിലിനെ തടയാൻ ഒരു മാന്ത്രികവടികൊണ്ടും കഴിയില്ല എന്ന് ഇന്ത്യയിലേതുൾപ്പടെ ലോകത്തെ അടിച്ചമർത്തപ്പെടുന്ന ജനങ്ങൾ മനസ്സിലാക്കണം. ഗുണപരമായ മാറ്റത്തിന് അവശ്യം വേണ്ടുന്ന എല്ലാ നിബന്ധനകളും പാലിച്ചുകൊണ്ട്, ചരിത്രപരമായി നിർണ്ണയിക്കപ്പെട്ട പാതയിലൂടെ മുന്നേറി മുതലാളിത്ത വ്യവസ്ഥിതിയെ വിപ്ലവകരമായി തകർത്തെറിഞ്ഞ് അതിന്റെ സ്ഥാനത്ത് മനുഷ്യർ മനുഷ്യരെ ചൂഷണം ചെയ്യാത്ത സോഷ്യലിസ്റ്റ് വ്യവസ്ഥിതി സ്ഥാപിക്കുന്നതിലൂടെയേ മുതലാളിത്ത നരകത്തിൻകീഴിൽനിന്നുള്ള മോചനം സാദ്ധ്യമാകൂ. ■

# ഉത്തർപ്രദേശ് ദലിതർക്കും ന്യൂനപക്ഷങ്ങൾക്കും സ്ത്രീകൾക്കും നേരെയുള്ള അതിക്രമങ്ങളുടെ ആസ്ഥാനമായി

*(6–ാം പേജിൽ നിന്ന്)*

പ്രവർത്തകർക്ക് നിർഭയമായി എഴുതാനും റിപ്പോർട്ട് ചെയ്യാനും അവസരമൊരുക്കേണ്ടതായിരുന്നുവെന്ന് ഏപ്രിൽ 21ന് ന്യൂയോർക്ക് ടൈംസിൽ ദ വയറിന്റെ എഡിറ്റർ സിദ്ധാർത്ഥ് വരദരാജൻ എഴുതി. നിരവധി അപകീർത്തി കേസുകളിലും ക്രിമിനൽ കേസുകളിലും ഇരയാക്കപ്പെട്ട ആളാണ് വരദരാജൻ. ഏറ്റവുമൊടുവിൽ ലോക്ഡൗൺ കാലത്തെ യോഗി ആദിത്യനാഥിന്റെ പ്രവർത്തനത്തെ വിമർശിച്ചതിന്റെ പേരിലുള്ള കേസും ഇതിൽ ഉൾപ്പെടും.

● താൻ അധികാരമേറ്റശേഷം സംസ്ഥാനത്തെ ക്രമസമാധാനനില ഏറെ മെച്ചപ്പെട്ടുവെന്ന് യോഗി ആദിത്യനാഥ് അവകാശപ്പെട്ടുവെങ്കിലും നിയമവിരുദ്ധമായ കൊലപാതകങ്ങൾ, സമാധാനപരമായി പ്രതിഷേധിക്കുന്നവരെ അമർച്ച ചെയ്യൽ, രാഷ്ട്രീയ പ്രതിയോഗികളെയും മനുഷ്യാവകാശപ്രവർത്തകരെയും അറസ്റ്റുചെയ്യൽ തുടങ്ങിയ കാര്യങ്ങളുടെ പേരിൽ യുപി ഗവണ്മെന്റിനെതിരെ ദേശീയ, വിദേശ മാദ്ധ്യമങ്ങളിൽ ആരോപണങ്ങൾ ഉയർന്നിട്ടുണ്ട്.

● ഭരണ സംവിധാനത്തിന്റെ പല തലങ്ങളിലുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വിമർശനാത്മകമായ റിപ്പോർട്ടിംഗ് നടത്തിയ മാദ്ധ്യമപ്രവർത്തകർക്കുനേരെ കഴിഞ്ഞവർഷം നിരവധി ആക്രമണങ്ങൾ നടന്നിട്ടുണ്ട്. നേഷൻലൈവ് ടിവിയുടെ റിപ്പോർട്ടർമാരെയും സ്വതന്ത്ര മാദ്ധ്യമ പ്രവർത്തകനെയും ജൂൺ 8ന് അറസ്റ്റുചെയ്ത നടപടിയും ഇതിൽ ഉൾപ്പെടും. അക്രമങ്ങൾക്ക് പ്രേരണ നൽകി, മുഖ്യമന്ത്രിയെ അപകീർത്തിപ്പെടുത്തി തുടങ്ങിയവയായിരുന്നു ആരോപിക്കപ്പെട്ട കുറ്റങ്ങൾ. റിപ്പോർട്ടർമാർ പുറത്തുവന്നെങ്കിലും മതിയായ ഗവണ്മെന്റ് അനുമതി ഇല്ലാതെ പ്രവർത്തിച്ചു എന്നപേരിൽ ചാനൽ അടച്ചുപൂട്ടി.

● കിഴക്കൻ യുപിയിലെ ഗംഗാതീരത്തുള്ള വാരണാസി നഗരത്തിൽ വെള്ളപ്പൊക്കസമയത്ത് വെള്ളം കയറിയ ഒരു പോലീസ് സ്റ്റേഷൻ കുട്ടികളെക്കൊണ്ട് വൃത്തിയാക്കുന്നതിന്റെ പടമെടുത്ത ബച്ചാഗുപ്ത എന്ന *സ്വതന്ത്ര ചേതന* പത്രത്തിന്റെ ഫോട്ടോ ജേണലിസ്റ്റിനെതിരെ അതിക്രമിച്ച് കയറിയതിനും ക്രിമിനൽ ഗൂഢാലോചന നടത്തിയതിനും കേസെടുത്തു.

● വാരണാസിയിൽ ഒരു സ്വകാര്യ ആശുപത്രി നടത്തുന്നത് യോഗ്യതയില്ലാത്ത ഒരു ഡോക്ടറെ വച്ചുകൊണ്ടാണെന്ന കാര്യം ഒക്ടോബറിൽ *ദൈനിക് ഭാസ്കർ* പത്രത്തിനുവേണ്ടി ആകാശ് യാദവ് റിപ്പോർട്ട് ചെയ്തു. ലോക്കൽ പോലീസ് ഹോസ്പിറ്റൽ മാഫിയയുമായി ചങ്ങാത്തത്തിലാണെന്നും ആരോപണമുണ്ടായി. പൊതുജനാരോഗ്യ സംവിധാനം പ്രതിസന്ധി നേരിടുമ്പോഴാണ് ഇത്തരത്തിലുള്ള കാര്യങ്ങൾ നടക്കുന്നത് എന്നത് ഏറെ ഖേദകരമാണ്. ഏതായാലും, ഈ മാഫിയ, ഈ പത്രപ്രവർത്തകനും മറ്റ് അഞ്ച് പത്രപ്രവർത്തകർക്കുമെതിരെ മോഷണം, ലൈംഗികാതിക്രമം തുടങ്ങിയ കുറ്റങ്ങൾ ആരോപിച്ചുകൊണ്ട് പരാതി നൽകുകയുണ്ടായി.

● സെപ്റ്റംബർ മാസം കൃഷ്ണകുമാർ സിംഗ് എന്ന പത്രപ്രവർത്തകനെ മിർസാപൂരിൽവച്ച് ഒരു കൂട്ടമാളുകൾ ആക്രമിക്കുകയുണ്ടായി. ലോക്കൽ രാഷ്ട്രീയക്കാരുടെ പിന്തുണയുള്ള ഒരു ലോക്കൽ പാർക്കിംഗ് മാഫിയയെക്കുറിച്ച് റിപ്പോർട്ട് ചെയ്തതിന്റെ പ്രതികാരമായിരുന്നു ഈ നടപടി. പല പോലീസ് ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ നടന്ന ഈ അതിക്രമത്തെക്കുറിച്ച് പരാതിപ്പെട്ടിട്ട് ആറുമണിക്കൂർ കഴിഞ്ഞാണ് പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തത്.

● സോനഭദ്ര ജില്ലയിൽ *ദൈനിക് പെർഫക്ട് മിഷൻ* എന്ന ഹിന്ദി പത്രത്തിലെ മനോജ്കുമാർ സോണി എന്ന പത്രപ്രവർത്തകനെ നവംബർ 4ന് 6 പേർ ഇരുമ്പുവടിയുമായി ആക്രമിച്ച് കാല് തല്ലിയൊടിച്ചു.

● ഹിന്ദിയിലുള്ള ഒരു വാർത്താ വെബ്സൈറ്റായ *ന്യൂസ് ട്രാക്കി*ന്റെ എഡിറ്ററും സീനിയർ പത്രപ്രവർത്തകനുമായ യോഗേഷ് മിശ്ര പരാതിപ്പെട്ടത് യുപിയിൽ പോലീസ് പത്രപ്രവർത്തകരെ നിരന്തരം പിന്തുടർന്നുകൊണ്ടിരിക്കുന്നു എന്നാണ്. പണ്ടൊക്കെ രാഷ്ട്രീയക്കാർ സത്ക്കാരം നടത്തി വാർത്തയുടെ ഉറവിടം അന്വേഷിക്കുമായിരുന്നു. ഇന്നവർ ചീത്തവിളിക്കുകയാണ്. ഒരു ജനാധിപത്യ രാജ്യത്താണ് ജീവിക്കുന്നത് എന്നപോലും തോന്നുന്നില്ല എന്നും അദ്ദേഹം പറഞ്ഞു. (കമ്മിറ്റി ടു പ്രൊട്ടക്ട് ജേർണലിസ്റ്റ്സ്, 23–4–20)

**9. ഡോക്ടർ കഫീൽഖാന്റെ നിയമവിരുദ്ധ തടങ്കൽ**

● ഡോക്ടർ കഫീൽഖാനെ ദേശീയ സുരക്ഷാനിയമപ്രകാരം അറസ്റ്റുചെയ്ത് തുറുങ്കിലടച്ചതിനെതിരെ അല്ലാഹാബാദ് ഹൈക്കോടതി പുറപ്പെടുവിച്ച വിധി ചോദ്യംചെയ്ത് യുപി ഗവണ്മെന്റ് സമർപ്പിച്ച ഹർജി സുപ്രീം കോടതി തള്ളി.

● 2017ൽ ഗോരഖ്പൂരിൽ ഒരു ഗവണ്മെന്റ് ആശുപത്രിയിൽ 60 കുഞ്ഞുങ്ങൾ മരിച്ച സംഭവത്തോടെയാണ് ശിശുരോഗ വിദ്ഗ്ധനായ ഡോ.കഫീൽഖാൻ ജനശ്രദ്ധയിലേയ്ക്ക് വന്നത്. അടിയന്തരഘട്ടത്തിൽ ഓക്സിജൻ സിലിണ്ടറുകൾ ഏർപ്പാടുചെയ്തതിന്റെ പേരിൽ ആദ്യം പ്രകീർത്തിക്കപ്പെട്ട കഫീൽഖാനെ പിന്നീട് അറസ്റ്റുചെയ്യുകയായിരുന്നു. ആദ്ദേഹത്തിന്റെ ഭാഗത്ത് വൈദ്യശാസ്ത്രപരമായ അനാസ്ഥ ഉണ്ടായി എന്ന കുറ്റത്തിൽനിന്ന് അദ്ദേഹത്തെ കോടതി മോചിപ്പിച്ചു.

● അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റിയിൽ പൗരത്വ നിയമ ഭേദഗതിക്കെതിരായ സമരത്തിൽ പങ്കെടുത്ത് പ്രസംഗിച്ചു എന്ന കുറ്റത്തിന് 2020 ജനുവരി 29 മുതൽ അദ്ദേഹം കസ്റ്റഡിയിലായിരുന്നു.

● അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വെറുപ്പോ അക്രമമോ പ്രോത്സാഹിപ്പിക്കുന്ന കാര്യങ്ങളൊന്നും ഉണ്ടായിരുന്നില്ലെന്ന് ഹൈക്കോടതി ഉത്തരവിൽ പറയുന്നു. അദ്ദേഹത്തിന്റെ തടവ് കാലാവധി മൂന്ന് തവണ നീട്ടിയത് നിയമവിരുദ്ധമാണെന്നും കോടതി നിരീക്ഷിച്ചു. അദ്ദേഹം നിരോധനാജ്ഞ ലംഘിച്ചുവെന്നായിരുന്നു യുപി സർക്കാരിന്റെ വാദം. (ദ ഹിന്ദു, 17–12–20)

**10. ലൗ ജിഹാദും മതപരിവർത്തന വിരുദ്ധ നിയമവും**

● യുപി ഗവണ്മെന്റ് 2020 നവംബറിൽ, നിയമവിരുദ്ധ മതപരിവർത്തനം തടയൽ ഓർഡിനൻസ് പുറപ്പെടുവിച്ചു.

● "ലൗ ജിഹാദ്" തടയാനെന്നപേരിൽ കൊണ്ടുവന്ന ഈ ഓർഡിനൻസ് ഭരണഘടനാവിരുദ്ധവും മൗലികാവകാശം നിഷേധിക്കുന്നതും ഏറ്റവും വിചിത്രവുമാണെന്ന് നാല് മുൻ ജഡ്ജിമാർ വിമർശിച്ചു. "ലൗ ജിഹാദ്" മതതീവ്രവാദികൾ ജനങ്ങളെ ഭിന്നിപ്പിക്കാനായി സൃഷ്ടിച്ചതാണെന്നുപോലും അതിൽ ഒരാൾ അഭിപ്രായപ്പെട്ടു.

● പുതിയനിയമം ഖാപ് പഞ്ചായത്തിന്റെ തത്വചിന്ത പ്രതഫലിപ്പിക്കുന്നതാണെന്നും സ്ത്രീകളെ അടിമപ്പെടുത്തുകയാണ് അതിന്റെ കാതലെന്നും ഡൽഹി ഹൈക്കോടതി ജഡ്ജിയും ലോ കമ്മീഷൻ ചെയർമാനുമായിരുന്ന ജസ്റ്റിസ് എ.പി.ഷാ അഭിപ്രായപ്പെട്ടു. ഒരു ക്രിമിനൽ കേസിൽ മതപരിവർത്തനം നിയമവിരുദ്ധമാണോ എന്ന് തെളിയിക്കാനുള്ള ബാദ്ധ്യത പ്രോസിക്യൂഷനുള്ളതാണ്. ഇവിടെ അത് കുറ്റാരോപിതന്റെ ബാദ്ധ്യതയാണ്. അതായത് കുറ്റംചെയ്തു എന്ന മുൻവിധി നിലനിൽക്കുന്നു. കുറ്റം മനപൂർവ്വം ചെയ്തതായി കരുതുന്നു. ഇത് ജാമ്യമില്ലാത്ത കുറ്റവും ആണ്. ഏതൊരാളെയും പോലീസിന് അറസ്റ്റു ചെയ്യാവുന്ന സ്ഥിതിയാണെന്നും ജസ്റ്റിസ് ഷാ പറയുന്നു.

● അതുപോലെതന്നെ, മുൻ സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് മദൻ ബി ലോക്കർ എൻഡിടിവിക്ക് നൽകിയ പ്രസ്താവനയിൽ പറഞ്ഞത് ഇതിന്റെ ഭരണഘടനാസാധുത സ്ഥാപിച്ചുകിട്ടാൻ എന്തെങ്കിലും അത്ഭുതം സംഭവിക്കണം എന്നത്രെ. ഇത് അദ്ദേഹം കണ്ട ഏറ്റവും വിചിത്രമായ നിയമനിർമ്മാണങ്ങളിലൊന്നാണെന്നും അഭിപ്രായപ്പെട്ടു.

● മുൻ സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് ദീപക് ഗുപ്തയും തികച്ചും ഭരണഘടനാവിരുദ്ധമെന്നാണ് ഈ നിയമത്തെ വിശേഷിപ്പിച്ചത്. ഒരു മനുഷ്യന്റെ തെരഞ്ഞെടുക്കാനുള്ള അവകാശം ഇത് നിഷേധിക്കുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

● കേരള ഹൈക്കോടതി മുൻജഡ്ജി ജസ്റ്റിസ് ശശിധരൻ നമ്പ്യാരും ഭരണഘടനയുടെ 21–ാം അനുച്ഛേദത്തിന്റെ ലംഘനമാകയാൽ ഈ ഓർഡിനൻസിന് ഭരണഘടനാസാധുതയില്ലെന്നാണ് അഭിപ്രായപ്പെട്ടത്. മതം, ജാതി, ലിംഗം എന്നിവയ്ക്കതീതമായി ഈ രാജ്യത്തെ ഓരോ പൗരന്റെയും വ്യക്തിസ്വാതന്ത്ര്യം ഉറപ്പുനൽകുന്നതാണ് 21–ാം അനുച്ഛേദം. (എൻഡിടിവി, 18–12–20)

● യുപി ഗവണ്മെന്റ് കൊണ്ടുവന്ന മതപരിവർത്തനം തടയൽ ഓർഡിനൻസ്പ്രകാരം ഒരു 22 കാരിയെ അഭയകേന്ദ്രത്തിലയയ്ക്കുകയും ബജ്റംഗ്ദൾ യൂണിറ്റ് പോലീസിന് നൽകിയ റിപ്പോർട്ട് പ്രകാരം ലൗ ജിഹാദ് ആരോപിച്ച് കേസ് എടുക്കുകയും ചെയ്ത നടപടി ദുരുപദിഷ്ടമായിരുന്നു. (ദ വയർ, 20–12–20)

## ഗുജറാത്ത്

**1. അടഞ്ഞുകിടക്കുന്ന വ്യവസായങ്ങൾ**

● രണ്ടായിരത്തിലേറെ വ്യവസായ യൂണിറ്റുകൾ അടഞ്ഞുകിടക്കുന്നു. ഗുജറാത്ത് അസംബ്ലിയിൽ രേഖാമൂലം നൽകിയ മറുപടിയിൽ ഇക്കാര്യം അംഗീകരിക്കുന്നു.

● ഇതിന് പല കാരണങ്ങളുമുണ്ടാകാമെങ്കിലും നോട്ട് നിരോധനവും ജിഎസ്ടിയും നടപ്പിലാക്കിയപ്പോൾ പിടിച്ചുനിൽക്കാൻ കഴിയാതെ പോയതും കാരണമാകാമെന്ന് ഗുജറാത്ത് ഇൻഡസ്ട്രീസ് ഫെഡറേഷന്റെ സെക്രട്ടറി ജനറൽ സമ്മതിക്കുന്നു.

● മാദ്ധ്യമ റിപ്പോർട്ടുകൾപ്രകാരം 2018 ഡിസംബർ 31ന് 2069 യൂണിറ്റുകൾ അടഞ്ഞുകിടക്കുകയാണ്.

● ജാംനഗറിൽ അടഞ്ഞുകിടക്കുന്ന 36 യൂണിറ്റുകളിൽ 19 എണ്ണം 2016 മുതൽ അടഞ്ഞുകിടക്കുകയാണ്. കച്ചിലെ 50ൽ 19 യൂണിറ്റുകളുടെയും ബാണസ്കന്ധയിലെ 18ൽ 10 യൂണിറ്റുകളുടെയും സ്ഥിതിയും സമാനമാണ് എന്ന് മുഖ്യമന്ത്രി പറയുന്നു. (കെ എൻ എൻ ഇന്ത്യ, 20–2–2019)

**2. വ്യവസായ മേഖലയിലെ അപകടങ്ങൾ**

● 2020 ജനുവരി മുതൽ ജൂലൈ വരെ 89 അപകടങ്ങൾ സംഭവിച്ചു. ഈ അപകടങ്ങളിൽ 130 തൊഴിലാളികൾ മരിച്ചു. ഇതിൽ 57 ശതമാനവും ലോക്ഡൗണിൽ അയവു വരുത്തിയതിനുശേഷമുള്ള 4 മാസക്കാലത്താണ് സംഭവിച്ചത്. (ഇന്ത്യൻ എക്സ്പ്രസ്, 22–8–20)

**3. തൊഴിലില്ലായ്മയും തൊഴിൽനഷ്ടവും**

● ഗുജറാത്തിലെ തൊഴിലില്ലായ്മ നിരക്ക് മാർച്ചിൽ 6.7 ശതമാനമായിരുന്നത് ഏപ്രിൽ മാസം 18.7 ശതമാനമായി കുതിച്ചുയർന്നുവെന്ന് *സിഎംഐഇ*യുടെ ഇന്ത്യയിലെ തൊഴിലില്ലായ്മ നിരക്ക് എന്ന റിപ്പോർട്ടിൽ പറയുന്നു. (ടൈംസ് ഓഫ് ഇന്ത്യ, 12–05–20)

● 2014ൽ നരേന്ദ്രമോദി പറഞ്ഞത് ഗുജറാത്ത് മോഡൽ വികസനം കൊണ്ടുവരുമെന്നാണ്. എന്നാൽ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ചെലവിൽ വൻകിട പദ്ധതികളിൽ ശ്രദ്ധ കേന്ദ്രീകരിച്ചത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനെ പ്രതികൂലമായി ബാധിച്ചുവെന്ന് ഒരു പുതിയ പഠനം പറയുന്നു. ഗുജറാത്ത് ഗവണ്മെന്റ് കഴിഞ്ഞ ഫെബ്രുവരിയിൽ അസംബ്ലിയിൽ പറഞ്ഞത് 4.58 ലക്ഷം അഭ്യസ്തവിദ്യർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ്. ഇതിൽ 4.34 ലക്ഷം വിദ്യാസമ്പന്നരും 23,433 പേർ അർദ്ധ വിദ്യാസമ്പന്നരുമാണ്. ഗുജറാത്ത് തൊഴിൽ വകുപ്പ് മന്ത്രി ദിലീപ് ഠാക്കൂർ ആണ് ഈ വിവരങ്ങൾ അസംബ്ലിയെ അറിയിച്ചത്. (പിടിഐ, ന്യൂ ഇന്ത്യൻ എക്സ്പ്രസ്, 28–2–20)

● 2019 ജൂലൈ–സെപ്റ്റംബർ മാസങ്ങളിൽ ആറുസംസ്ഥാനങ്ങളിൽ നഗരമേഖലയിലെ തൊഴിൽനഷ്ടം പെരുകി. ഇത് ഏറ്റവും കൂടുതൽ ഗുജറാത്തിലായിരുന്നു. അവിടെ 1.3 ശതമാനം മുതൽ 4.3 ശതമാനംവരെ വർദ്ധനയുണ്ടായി. (ബിസിനസ് സ്റ്റാൻഡേർഡ്, 20–10–20)

**4. ദാരിദ്ര്യവും ആത്മഹത്യയും**

● 16.63 ശതമാനം ജനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്.

● 2018ൽ ദാരിദ്ര്യംമൂലം 294 ആത്മഹത്യകളുണ്ടായതായി സംസ്ഥാന ഗവണ്മെന്റ് രേഖപ്പെടുത്തുന്നു. 318 പേർ തൊഴിൽരാഹിത്യംമൂലം ആത്മഹത്യചെയ്തു. ഇത് 2017ൽ രേഖപ്പെടുത്തിയതിനേക്കാൾ യഥാക്രമം 163 ശതമാനവും 21 ശതമാനവും അധികമാണ്. സമ്പദ്ഘടനയുടെ ദുരവസ്ഥയാണ് ഇത് കാണിക്കുന്നത്. (ടൈംസ് ഓഫ് ഇന്ത്യ, 11–1–20)

● കഴിഞ്ഞ 2 വർഷങ്ങളിൽ 14,702 ആത്മഹത്യകളുണ്ടായതായി സംസ്ഥാന ആഭ്യന്തര മന്ത്രാലയം അസംബ്ലിയിൽ പറഞ്ഞു. അതായത് ഒരു ദിവസം ശരാശരി 20 പേർ ജീവനൊടുക്കുന്നു എന്ന് സാരം. (ഇന്ത്യൻ എക്സ്പ്രസ്, 3–3–20)

● 2019ൽ കേദ ജില്ലയിൽ 90 പേരും ആനന്ദ് ജില്ലയിൽ 111 പേരും ജീവനൊടുക്കിയതായി ആഭ്യന്തരമന്ത്രി പ്രദീപ്സിംഗ് ജഡേജ പറയുന്നു. (ബിസിനസ് സ്റ്റാൻഡേർഡ്, 2–3–20)

*(ശേഷം 8–ാം പേജിൽ)*

RNI REG No 24773/1992
UNITY Malayalam Monthly
2021 April
Vol.48 No.1 Price: Rs. 5.00

# കർഷകസമര ഐക്യദാർഢ്യകേന്ദ്രം തകർത്തതിനെതിരെ പ്രതിഷേധ സംഗമം

നാലുമാസമായി തൊടുപുഴ മിനി സിവിൽ സ്റ്റേഷൻ പരിസരത്ത് സമാധാനപരമായി പ്രവർത്തിച്ചുവന്നിരുന്ന കർഷകസമരഐക്യദാർഢ്യകേന്ദ്രം രാഷ്ട്രീയ പ്രേരിതമായി ചില ഉദ്യോഗസ്ഥരെ മുൻനിർത്തി തകർത്തതിനെതിരെയും, രാഷ്ട്രീയ കിസാൻ മഹാസംഘ് ദേശീയ കോർഡിനേറ്റർ കെ.വി. ബിജുവിനേയും ജെയിംസ് കോലാനിയേയും ബി.ജെ.പിക്കെതിരെ പോസ്റ്റർ പ്രചാരണം നടത്തിയതിന്റെ പേരിൽ തിരുവനന്തപുരത്ത് ക്രൂരമായി മർദ്ദിച്ചതിനെതിരെയും തൊടുപുഴയിൽ പ്രകടനവും പ്രതിഷേധ സംഗമവും നടത്തി. രാഷ്ട്രീയ കിസാൻ മഹാസംഘ് ദക്ഷിണേന്ത്യൻ കോ-ഓർഡിനേറ്റർ പി.ടി. ജോൺ ഉദ്ഘാടനം ചെയ്തു. സമരനേതാക്കളെ ആക്രമിച്ചും സമരപന്തലുകൾ അടിച്ചുതകർത്തും കർഷകസമരം ഇല്ലാതാക്കാമെന്ന് ആരും വ്യാമോഹിക്കേണ്ടെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.




തൊടുപുഴ കർഷക സമര ഐക്യദാർഢ്യകേന്ദ്രം അടിച്ചുതകർത്തതിനെതിരെ നടത്തിയ പ്രതിഷേധ സംഗമം രാഷ്ട്രീയ കിസാൻ മഹാസംഘ് ദക്ഷിണേന്ത്യൻ കോ-ഓർഡിനേറ്റർ പി.ടി. ജോൺ ഉദ്ഘാടനം ചെയ്യുന്നു

കർഷക സമര ഐക്യദാർഢ്യസമിതി ജില്ലാ ജനറൽ കൺവീനർ എൻ. വിനോദ്കുമാർ അദ്ധ്യക്ഷനായി. മദ്യവിരുദ്ധസമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. വിൻസന്റ് മാളിയേക്കൽ മുഖ്യപ്രഭാഷണം നടത്തി. കർഷകസമര ഐക്യദാർഢ്യസമിതി ജില്ലാചെയർമാൻ പ്രൊഫ. എം.ജെ. ജേക്കബ്, വൈ. ചെയർമാൻ ടി.ജെ. പീറ്റർ, വിമൻ ഫോർ പൊളിറ്റിക്കൽ ജസ്റ്റീസ് പ്രതിനിധി അഡ്വ. സജിത, രാഷ്ട്രീയ കിസാൻ മഹാസംഘ് ജില്ലാ ചെയർമാൻ ഷാജി തുണ്ടത്തിൽ, ജനാധിപത്യ കേരള കോൺ. ജില്ലാ സെക്രട്ടറി ജോസ് കണ്ണംകുളം, ഐക്യദാർഢ്യസമിതി കൺവീനർമാരായ ജെയിംസ് കോലാനി, കെ.എം. സാബു, സെബാസ്റ്റ്യൻ എബ്രാഹം, സിബി സി. മാത്യു, മലനാട് കർഷകരക്ഷാ സമിതി ജനറൽ സെക്രട്ടറി രാജു സേവ്യർ, പി.സി. ജോളി, ഡി.കെ.ടി.എഫ് ജില്ലാ സെക്രട്ടറി ടി.എച്ച്. ഹലീൽ, സാമൂഹിക പ്രവർത്തക ഡിൽസി സുനിൽ, അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന കോട്ടയം ജില്ലാ സെക്രട്ടറി ആശാരാജ്, സെബാസ്റ്റ്യൻ കൊച്ചടിവാരം, പീറ്റർ സെബാസ്റ്റ്യൻ, പി.വി. അച്ചാമ്മ, എറണാകുളം ഐക്യദാർഢ്യസമിതി ചെയർമാൻ കെ.എം. നാസറുദ്ദീൻ, ജി. ഹരിലാൽ തുടങ്ങിയവർ പ്രസംഗിച്ചു. പ്രതിഷേധസംഗമത്തിന്റെ ഭാഗമായി ഐക്യദാർഢ്യസമിതി വൈ. ചെയർമാൻ ടി.ജെ. പീറ്ററിന്റെ നേതൃത്വത്തിൽ മുദ്രാവാക്യം വിളികളോടെ പ്രതിഷേധ ജ്വാല തെളിയിച്ചു. ■

# നോട്ട്നിരോധനവും ജിഎസ്ടിയും ഗുജറാത്തിലെ വ്യവസായ മേഖലയ്ക്ക് ക്ഷതമേൽപ്പിച്ചു

(7-ാം പേജിൽ നിന്ന്)

**5. പട്ടിണി**

● അന്നസുരക്ഷ അധികാർ അഭിയാൻ ഗുജറാത്തിലെ ദരിദ്ര-ദുർബലജനവിഭാഗങ്ങളിൽ കോവിഡ് മഹാമാരിക്കാലത്ത് നടത്തിയ 'ഹംഗർ വാച്ച്' സർവേ പറയുന്നത് 20.6 ശതമാനം കുടുംബങ്ങളും ഭക്ഷണക്കുറവുമൂലം പലപ്പോഴും ഊണ് ഉപേക്ഷിക്കുന്നു എന്നാണ്. ഒരു നേരംപോലും ഊണ് കഴിക്കാതെ 21.8 ശതമാനംപേർ അന്തിയുറങ്ങുന്നതായും സർവേ വെളിപ്പെടുത്തുന്നു. അടിസ്ഥാന രേഖയായി റേഷൻകാർഡ് ഉപയോഗിക്കാൻ കഴിയില്ലെന്ന് ഗവൺമെന്റ് പറയുന്നു. എന്നാൽ ഇത് എന്തുകൊണ്ടാണെന്ന് ഗവണ്മെന്റ് ജനങ്ങളെ കൃത്യമായി അറിയിച്ചിട്ടില്ല. ഇതിന്റെ ഇരകളിൽ ഭൂരിഭാഗവും ദരിദ്രകുടുംബങ്ങളാണ്. ഇപ്രകാരം റേഷൻകാർഡിനെ 'നിശബ്ദ'മാക്കുന്നത് അനേകം കുടുംബങ്ങൾക്ക് ഭക്ഷ്യസുരക്ഷയ്ക്കുള്ള അവകാശം നിഷേധിക്കുന്ന നടപടിയാണ് എന്നും പഠനം പറയുന്നു. (ഇന്ത്യൻ എക്സ്പ്രസ്, 11-12-20)

**6. സ്ത്രീകൾക്കുമേലുള്ള കുറ്റകൃത്യങ്ങൾ**

● 'സുരക്ഷിത ഗുജറാത്ത്' എന്ന ബിജെപിയുടെ അവകാശവാദം ചോദ്യം ചെയ്യുന്നതാണ് സ്ത്രീകൾക്കുമേലുള്ള അതിക്രമങ്ങളുടെ വർദ്ധിച്ച നിരക്ക്. ക്രൈം റെക്കോഡ്സ് ബ്യൂറോ 2019ൽ ലഭിച്ച പരാതികളെ സംബന്ധിച്ച് വെളിപ്പെടുത്തുന്നത് കുറ്റകൃത്യങ്ങൾ നിരന്തരം വർദ്ധിക്കുന്നു എന്നതാണ്. ദിനംപ്രതി ശരാശരി 3 സ്ത്രീപീഡന ക്കേസുകൾ റിപ്പോർട്ടുചെയ്യപ്പെടുന്നുണ്ട്. ഇതിൽ ശരാശരി ഒരു ബലാൽസംഗക്കേസുണ്ടാകും. സ്ത്രീകൾക്കുവേണ്ടി പ്രവർത്തിക്കുന്ന സംഘടനകൾ പറയുന്നത് റിപ്പോർട്ട് ചെയ്യപ്പെടുന്നതിനേക്കാൾ വളരെ കൂടുതലാണ് യഥാർത്ഥത്തിൽ നടക്കുന്ന സംഭവങ്ങൾ എന്നത്രെ. (ടൈംസ് ഓഫ് ഇന്ത്യ, 2-10-20)

**7. ബലാൽസംഗ കേസുകൾ**

● 2018 ജനുവരി 1 മുതലുള്ള രണ്ടു വർഷങ്ങളിൽ ദിനംപ്രതി ശരാശരി 4 ബലാൽസംഗങ്ങൾ ഗുജറാത്തിൽ നടക്കുന്നു. റിപ്പോർട്ട് ചെയ്യപ്പെട്ട 2,723 കേസുകളിൽ 41 എണ്ണം കൂട്ട ബലാൽസംഗങ്ങളും 35 എണ്ണം 5 വയസ്സിന് താഴെയുള്ള കുട്ടികൾക്കുമേലെയുമായിരുന്നു. (ടൈംസ് ഓഫ് ഇന്ത്യ, 12-3-2020)

**8. സൈബർ കുറ്റകൃത്യങ്ങൾ**

● ലോക്ഡൗൺ കാലത്ത് ഗുജറാത്ത് സൈബർ കുറ്റകൃത്യങ്ങളുടെ കേന്ദ്രമായി. ജനുവരിക്കും ജൂലൈക്കും ഇടയിൽ സംസ്ഥാനത്ത് സാമ്പത്തിക തട്ടിപ്പുകളുമായി ബന്ധപ്പെട്ട 15,300 പരാതികൾ ലഭിച്ചതായി സൈബർ സെൽ പറയുന്നു.

**9. പട്ടേൽ പ്രതിമ**

● 2,989 കോടി ചെലവഴിച്ചാണ് പ്രതിമ ഉണ്ടാക്കിയത്.(ഇക്കണോമിക് ടൈംസ്, 31-10-2018)

● പ്രതിമ നിർമാണം നർമദ ജില്ലയിലെ 72 ഗ്രാമങ്ങളിലെ 75,000 ആദിവാസികളെ ബാധിച്ചതായി ഒക്ടോബർ 20ന് *എൻഡിടിവി* റിപ്പോർട്ട് ചെയ്തു(ദ വയർ, 31-10-18).

**10. നമസ്തേ ട്രംപ്**

● ട്രംപിന്റെ മൂന്നു മണിക്കൂർ ഗുജറാത്ത് സന്ദർശനത്തിന് ചെലവായത് 100 കോടി രൂപ.(ടൈംസ് ഓഫ് ഇന്ത്യ, 15-2-2020)

● ട്രംപിന്റെ സന്ദർശനത്തിന് മുന്നോടിയായി റോഡിനോട് ചേർന്നുള്ള ചേരിപ്രദേശങ്ങളെ മതിൽ കെട്ടി വേർതിരിച്ചു. മുമ്പ് കുറഞ്ഞത് 3 തവണ ഇങ്ങനെ ചെയ്തിട്ടുണ്ട്.

● 2017 സെപ്തംബറിൽ ജപ്പാൻ പ്രധാനമന്ത്രി ഷിൻസോ ആബെയും ഭാര്യ അക്കി ആബെയും അഹമ്മദാബാദും ഗാന്ധിനഗറും സന്ദർശിച്ചിട്ടുണ്ട്. ഒരുലക്ഷം കോടിയുടെ അഹമ്മദാബാദ്-മുംബൈ ബുള്ളറ്റ് ട്രെയിൻ പദ്ധതിക്ക് ആബെയും മോദിയും ചേർന്ന് തറക്കല്ലിട്ടു. അന്നും ചേരിപ്രദേശങ്ങളെ കാഴ്ചയിൽനിന്ന് മറയ്ക്കാൻ വൻതുക ചെലവഴിച്ചു.

● 2017 ജനുവരിയിൽ ഗാന്ധിനഗറിൽ നടന്ന ആഗോള ഉച്ചകോടിയിൽ പല രാജ്യങ്ങളിൽനിന്നുള്ള ഉന്നത നേതാക്കൾ പങ്കെടുത്തിരുന്നു. അന്നും ശരണ്യവാസ് ചേരി തുണികെട്ടി മറച്ചു. 556 കുടിലുകളിലായി 3000ത്തിലേറെപ്പേർ അവിടെ കഴിഞ്ഞുകൂടുന്നു. ഞങ്ങൾ ലോകത്തുനിന്ന് ഒറ്റപ്പെട്ടതുപോലെയാണ് അനുഭവപ്പെട്ടതെന്ന് ചേരിനിവാസികൾ അഭിപ്രായപ്പെട്ടിരുന്നു(ദ പ്രിന്റ്, 13-2-2020)

## മദ്ധ്യപ്രദേശ്

**1. തൊഴിലില്ലായ്മ**

● *സെന്റർ ഫോർ മോണിട്ടറിംഗ് ഇന്ത്യൻ ഇക്കോണമി*യുടെ കണക്കുപ്രകാരം 2020 മേയ് മാസമായപ്പോൾ മദ്ധ്യപ്രദേശിലെ തൊഴിലില്ലായ്മ 15.1 ശതമാനം ഉയർന്ന് 27.5 ശതമാനമായി. 2017 ജൂലൈയിൽ ഇത് 1.2 ശതമാനമായിരുന്നു.(ലൈവ് മിന്റ്, 1-6-2020)

**2. ബലാൽസംഗങ്ങൾ**

● നാഷണൽ ക്രൈം റെക്കോഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം 2019ൽ 2,485 ബലാൽസംഗങ്ങളുണ്ടായി. രാജ്യത്ത് മൂന്നാം സ്ഥാനം മദ്ധ്യപ്രദേശിന്.

**3. സ്ത്രീധന മരണങ്ങൾ**

● 3,550 മരണങ്ങൾ. രാജ്യത്ത് മൂന്നാം സ്ഥാനം.

**4. സൈബർ കുറ്റകൃത്യങ്ങൾ**

● ലോക്ഡൗൺ സമയത്ത് ദിനംപ്രതി ശരാശരി 3 സൈബർ തട്ടിപ്പ്.(ടൈംസ് ഓഫ് ഇന്ത്യ 26-4-2020)

**5. ദാരിദ്ര്യം**

● 31.65 ശതമാനം ജനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്.

## ബീഹാർ

**1. തൊഴിലില്ലായ്മ**

● ദേശീയ ശരാശരിയായ 23.5 ശതമാനത്തേക്കാൾ കൂടുതൽ. 2020 ഏപ്രിലിൽ 31.2 ശതമാനം ഉയർന്ന് 46.6ശതമാനമായി. 2017 ഏപ്രിലിൽ 1.6 ശതമാനമായിരുന്നു. (ലൈവ് മിന്റ്, 1-5-2020)

**2. തൊഴിൽനഷ്ടം**

● തൊഴിൽനഷ്ടം ഏറ്റവും ബാധിച്ചത് കാഷ്വൽ തൊഴിലാളികളെ. ബീഹാറിൽ 80 ശതമാനംപേർക്കും തൊഴിൽ നഷ്ടമായി.(ഇന്ത്യൻ എക്സ്പ്രസ്, 4-6-2020)

**3.ബലാൽസംഗവും കൊലപാതകവും**

● 9 മാസത്തിൽ 2,406 കൊലപാതകങ്ങളും 1,106 ബലാൽസംഗങ്ങളും.(ടൈംസ് ഓഫ് ഇന്ത്യ, 25-12-20)

● ഓരോ 6 മണിക്കൂറിലും ഒരു ബലാൽസംഗമെന്ന് സർക്കാരിന്റെ ഔദ്യോഗിക കണക്ക് പറയുന്നു.(ടൈംസ് ഓഫ് ഇന്ത്യ, 7-12-19)

**4. സ്ത്രീധന മരണങ്ങൾ**

● 5,992 മരണങ്ങൾ; രാജ്യത്ത് രണ്ടാം സ്ഥാനം

**5. ദാരിദ്ര്യവും നിരക്ഷരതയും**

● രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കിൽ വ്യാപകമായി ദാരിദ്ര്യം നിലനിൽക്കുന്നു. വാർഷിക പ്രതിശീർഷ വരുമാനം 3650 രൂപ. ദേശീയ ശരാശരിയാകട്ടെ 11,625 രൂപ. ബീഹാറിൽ മൂന്നിലൊന്ന് മാത്രം. 52.47 ശതമാനം അതായത് ഭൂരിപക്ഷംപേരും നിരക്ഷരരായ ഏക സംസ്ഥാനം(നാഷണൽ ഹെറാൾഡ്, 12-7-20)

● 2019 ഡിസംബർ 31ലെ കണക്കുപ്രകാരം 39.9 ശതമാനം ദാരിദ്യരേഖയ്ക്ക് താഴെ.

## ത്രിപുര

**1. തൊഴിലില്ലായ്മ**

● ഇന്ത്യയിൽ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മയുള്ള രണ്ടാമത്തെ സംസ്ഥാനം. 2020 ഏപ്രിലിൽ 41.2 ശതമാനമായി. 2017 നവംബറിൽ 8.3 ശതമാനമായിരുന്നു. (ലൈവ് മിന്റ്, 1-5-20)

**2.സർക്കാർ ജോലിക്ക് പുറംകരാർ**

● തൊഴിലില്ലായ്മ പെരുകുന്നതിനിടയിലും സംസ്ഥാനത്തെ ബിജെപി ഗവൺമെന്റ് സർക്കാർ ഡിപ്പാർട്ട്മെന്റുകളിലെ ജോലികൾ സ്വകാര്യഏജൻസികളെ ഏല്പിച്ചുകൊണ്ട് യുവാക്കളെ പ്രഹരിക്കുകയാണ്. 2018ൽ അധികാരമേറ്റശേഷം 23,000 സർക്കാർ ജോലി സൃഷ്ടിച്ചുവെന്ന് മുഖ്യമന്ത്രി ബിപ്ലവ് ദേബും മറ്റ് മന്ത്രിമാരും നടത്തുന്ന അവകാശ വാദങ്ങൾ പൊള്ളയാണെന്ന് ഈ ക്രൂരമായ തീരുമാനങ്ങൾ വെളിപ്പെടുത്തുന്നു. (ന്യൂസ് ക്ലിക്, 11-3-21)

**3. ദാരിദ്ര്യം**

● 14.5 ശതമാനം ജനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെ. വാർഷിക വരുമാനം 27,000 രൂപയുണ്ടെങ്കിൽ ദാരിദ്ര രേഖയ്ക്ക് മുകളിലെത്തുമെന്നതാണ് മാനദണ്ഡം. 2019 ഡിസംബർ 31ലെ കണക്കുപ്രകാരമാണിത്. ■

Edited, Printed & Published by V.Venugopal, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. Ph: 0471-2307151;
E-mail: unitymagazine@gmail.com; Website: www.kerala.sucicommunist.org on behalf of Kerala State Committee, SUCI(C).